# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**പത്തനംതിട്ട-689645**

ഇ-മെയിൽ: dopta.ksad@kerala.gov.in

**ഫോൺ : 0468-2223691**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-PTA/P9/916/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 04/10/2024
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-PTA/P9/916/2024 തീയ്യതി: 04/10/2024

## പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2023 മുതൽ 31-07-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-08-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനിൽകുമാർ റ്റി. | ഡെപ്യൂട്ടി ഡയറക്ടർ | 21-08-2024 | 31-08-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-08-2024 | 31-08-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ പ്രദീപ് കുമാർ എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ അരുൺകുമാർ എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ മുഹമ്മദ് ഷാഫി, ഓഡിറ്റർ

കുമാരി ലക്ഷ്മി ജെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രീജ പി നായർ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി മിനി ആർ നായർ | സെക്രട്ടറി | 01-04-2023 | 12-07-2023 |
| ശ്രീ അജിത് കുമാർ എ ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-07-2023 | 19-07-2023 |
| ശ്രീമതി ശ്രീല ആർ | സെക്രട്ടറി | 20-07-2023 | 10-12-2023 |
| ശ്രീ അജിത് കുമാർ എ ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-12-2023 | 08-02-2024 |
| ശ്രീമതി ശ്രീല ആർ | സെക്രട്ടറി | 09-02-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. രമ്യ എൻ ആർ | മെഡിക്കൽ ഓഫീസർ (ആയുർവേദം ) | 01-04-2023 | 12-08-2024 |
| ഡോ. സുമേഷ് സി വാസുദേവൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം ) | 13-08-2023 | 21-11-2023 |
| ഡോ. അർച്ചന എസ് പി | മെഡിക്കൽ ഓഫീസർ (ആയുർവേദം ) | 22-11-2023 | 13-01-2024 |
| ഡോ. സുമേഷ് സി വാസുദേവൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം ) | 14-01-2024 | 15-02-2024 |
| ഡോ. അശ്വിൻ ഐ ആർ | മെഡിക്കൽ ഓഫീസർ (ആയുർവേദം ) | 16-02-2024 | 31-03-2024 |
| ശ്രീ അജീബ് | കൃഷി ഓഫീസർ | 01-04-2023 | 15-05-2023 |
| ശ്രീമതി നിമിഷ സാറാ ജെയിംസ് | കൃഷി ഓഫീസർ | 16-05-2023 | 05-06-2023 |
| ശ്രീമതി ആതിര ചന്ദ്രനാഥ് | കൃഷി ഓഫീസർ | 06-06-2023 | 31-03-2024 |
| ഡോ. തനൂജ എം | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2023 | 31-03-2024 |
| ശ്രീമതി അഞ്ജു കൃഷ്ണൻ | വി ഇ ഒ(ഗ്രേഡ് 2) | 01-04-2023 | 07-08-2023 |
| ശ്രീ ജിജി ഗോപാൽ | വി ഇ ഒ(ഗ്രേഡ് 2) | 08-08-2023 | 09-09-2023 |
| ശ്രീ ജിബു ജോൺ ബി സി | വി ഇ ഒ(ഗ്രേഡ് 2) | 10-09-2023 | 08-12-2023 |
| ശ്രീ സന്ദേശ് സ്റ്റാലിൻ | വി ഇ ഒ(ഗ്രേഡ് 2) | 09-12-2023 | 23-01-2024 |
| ശ്രീ സജൻ ദാസ് | വി ഇ ഒ(ഗ്രേഡ് 1) | 24-01-2024 | 31-03-2024 |
| ശ്രീമതി ആശാ ദേവി | വി ഇ ഒ(ഗ്രേഡ് 1) | 01-04-2023 | 15-06-2023 |
| ശ്രീമതി അഞ്ജു കൃഷ്ണൻ | വി ഇ ഒ ചാർജ്(ഗ്രേഡ് 1) | 16-06-2023 | 07-08-2023 |
| ശ്രീ ജിജി ഗോപാൽ | വി ഇ ഒ(ഗ്രേഡ് 2) | 08-08-2023 | 09-09-2023 |
| ശ്രീമതി ആതിര എസ് | വി ഇ ഒ(ഗ്രേഡ് 1) | 10-09-2023 | 15-11-2023 |
| ശ്രീ ജിബു ജോൺ ബി സി | വി ഇ ഒ ചാർജ്(ഗ്രേഡ് 2) | 16-11-2023 | 08-12-2023 |
| ശ്രീമതി റാണി ലക്ഷ്മി | വി ഇ ഒ(ഗ്രേഡ് 2) | 09-12-2023 | 05-01-2024 |
| ശ്രീ ജിബു ജോൺ ബി സി | വി ഇ ഒ(ഗ്രേഡ് 2) | 06-01-2024 | 31-03-2024 |
| ശ്രീമതി റ്റിറ്റി ബി ജി | ഐ സി ഡി എസ് സൂപ്പർവൈസർ ഇൻ ചാർജ് | 01-04-2023 | 28-07-2023 |

| | | | |
|---|---|---|---|
| ശ്രീമതി നീതു ഷാരോൺ | ഐ സി ഡി എസ് സൂപ്പർവൈസർ | 29-07-2023 | 31-03-2024 |
| ശ്രീമതി നീതു കൃഷ്ണൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 06-08-2023 |
| ശ്രീമതി അഞ്ജന മോഹൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 07-08-2023 | 02-02-2024 |
| ശ്രീമതി നീതു കൃഷ്ണൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 02-02-2024 | 31-03-2024 |
| ശ്രീ അജിത് കുമാർ എ ജി | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2023 | 16-02-2024 |
| ശ്രീമതി അഞ്ജന എസ് നായർ | അസിസ്റ്റൻറ് സെക്രട്ടറി ഇൻ ചാർജ്ജ് | 17-02-2024 | 31-03-2024 |
| ശ്രീമതി ഷീല എസ് കെ | ഹെഡ്മാസ്റ്റർ | 01-04-2023 | 31-05-2023 |
| ശ്രീമതി ശ്രീലത ബി | ഹെഡ്മാസ്റ്റർ | 01-06-2023 | 01-07-2023 |
| ശ്രീമതി ഷൈനി വിഎം | ഹെഡ്മാസ്റ്റർ | 02-07-2023 | 31-03-2024 |
| ശ്രീമതി സൂര്യ എസ് നായർ | അസി.എഞ്ചിനിയർ | 01-04-2023 | 31-03-2024 |
| ശ്രീ സുരേഷ് കുമാർ ആർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ. ഷീജ ബീവി വി എ | വെറ്ററിനറി സർജൻ | 01-04-2023 | 05-04-2023 |
| ഡോ. ശ്രീനിവാസൻ | വെറ്ററിനറി സർജൻ ഇൻ ചാർജ്ജ് | 06-04-2023 | 03-10-2023 |
| ഡോ. അജയകുമാർ പി എൻ | വെറ്ററിനറി സർജൻ | 04-10-2023 | 25-01-2024 |
| ഡോ. ശ്രീനിവാസൻ | വെറ്ററിനറി സർജൻ | 26-01-2024 | 11-03-2024 |
| ഡോ. അനിൽ റ്റി മാമൻ | വെറ്ററിനറി സർജൻ | 12-03-2024 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് ബാങ്ക് പാസ്സ് ബുക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | ഡെപ്പോസിറ്റ് രജിസ്റ്ററിലെ തുകയും വാർഷിക കണക്കുകളും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല | 1-1-5 |
| 7 | സ്ഥിര നിക്ഷേപം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | വസ്തുനികുതി ഡി.സി.ബി. സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-8 |
| 10 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തികനില | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചു | 1-11 |
| 21 | തനത് വരുമാനം- കുടിശ്ശിക പിരിച്ചെടുക്കേണ്ടത് അനിവാര്യം | 1-12 |
| 22 | സ്ഥാപന തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു | 1-13 |
| 23 | റേഷൻ റീട്ടെയിൽ ഷോപ്പുകൾ ലൈസൻസ് എടുത്തിട്ടില്ല | 1-14 |
| 24 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-15 |
| 25 | ചാങ്ങോലിക്കൽ കരിമ്പാറമല കുടിവെള്ള പദ്ധതി ഗുണഭോക്തൃസമിതിക്ക് കൈമാറിയില്ല; പദ്ധതി പ്രവർത്തന രഹിതം | 1-16 |
| 26 | ആസ്തികൾ അളന്ന് തിട്ടപ്പെടുത്തിയില്ല – ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്തില്ല | 1-17 |
| 27 | ഉയർന്ന വില നൽകി അക്രഡിറ്റഡ് ഏജൻസിയിൽനിന്ന് ഗുണനിലവാരമില്ലാത്ത തെരുവ് വിളക്കുകൾ വാങ്ങി | 1-18 |
| 28 | സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം - പദ്ധതി നടപ്പാക്കിയില്ല | 1-19 |
| 29 | ചെലവഴിച്ചശേഷം ബാക്കിയുള്ള ധനകാര്യകമ്മീഷൻ ഗ്രാന്റും വികസന ഫണ്ടും തനത് ഫണ്ടിൽ സൂക്ഷിക്കുന്നു | 1-20 |
| 30 | ടെണ്ടർ നടപടി കൂടാതെ മൺചട്ടി വാങ്ങി | 1-21 |
| 31 | പി.എച്ച്.സി-ക്ക് മരുന്ന് - പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം വരുത്തി - മരുന്നും ഉപകരണങ്ങളും പൂർണ്ണമായും ലഭിച്ചില്ല | 1-22 |
| 32 | കൃഷി ഓഫീസർ ഏറ്റെടുത്ത പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല | 1-23 |
| 33 | മഴക്കാലപൂർവ്വ ശുചീകരണത്തിന് വാർഡ് സാനിട്ടേഷൻ സമിതികൾക്ക് ഫണ്ട് നൽകിയില്ല | 1-24 |
| 34 | അടിസ്ഥാന സൗകര്യങ്ങളിൽ - അപര്യാപ്തം | 1-25 |
| 35 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ചെലവ് ശതമാനം കുറവ് | 1-26 |

| | | |
|---|---|---|
| 36 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് നിർവ്വണ ചുമതലയുണ്ടായിരുന്ന പദ്ധതികൾ - വകയിരുത്തിയ ഫണ്ട് ഫലപ്രദമായി വിനിയോഗിച്ചില്ല | 1-27 |
| 37 | വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നില്ല | 1-28 |
| 38 | ദുരിതാശ്വാസ നിധി അക്കൗണ്ടിൽ വരവില്ല | 1-29 |
| 39 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - തുക നൽകിയ അക്കൗണ്ട് നമ്പറിൽ വ്യത്യാസം | 1-30 |
| 40 | ബഡ്സ് & ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം - അവലോകനം | 1-31 |
| 41 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ– കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ-അവലോകനം | 1-32 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 4 | വായ്പ/ വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.05.2024-ലെ 1-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 30.05.2024-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2024 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീ രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടുകൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**പത്തനംതിട്ട**

**04/10/2024**

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9509350 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -12231784 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും

പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് ബാങ്ക് പാസ്സ് ബുക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

ഷെഡ്യൂൾ ബി-4- സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് ഫണ്ട്, അൺ ടൈഡ് ഫണ്ട് എന്നീ ഇനങ്ങളിലെ നീക്കിയിരിപ്പ് ബാങ്ക് പാസ്സ് ബുക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

### 1-1-4 ഡെപോസിറ്റ് രജിസ്റ്ററിലെ തുകയും വാർഷിക കണക്കുകളും പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി-7- ഡെപ്പോസിറ്റ് റിസീവ്ഡ്- ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-5 നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല

ഷെഡ്യൂൾ ബി-9- ഗവൺമെന്റ് ആൻഡ് അദർ ഡ്യൂസ് പേയബിൾ -സർവ്വീസ് ടാക്സ് എന്ന ഹെഡിൽ 99460 രൂപ നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നു. ആയതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

### 1-1-6 സ്ഥിര നിക്ഷേപം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി-12-ഇൻവെസ്റ്റ്മെന്റ്-ഫിക്സഡ് ഡെപ്പോസിറ്റ്സ്- വാർഷിക കണക്കും സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല. രണ്ട് സ്ഥിര നിക്ഷേപങ്ങളിലായി ആകെ 1220225 രൂപയാണ് നിക്ഷേപമുള്ളത്. എന്നാൽ വാർഷിക കണക്കിലെ രേഖപ്പെടുത്തൽ 1282173 രൂപയാണ്.

### 1-1-7 വസ്തുനികുതി ഡി.സി.ബി. സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല

വസ്തു നികുതി-ഡിമാന്റ് (ഷെഡ്യൂൾ I-1), കളക്ഷൻ (ഷെഡ്യൂൾ RP-45), നീക്കിബാക്കി (ഷെഡ്യൂൾ B-15) തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-8 ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തുന്നില്ല

ഷെഡ്യൂൾ ഐ-1-വസ്തുനികുതി, തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ് രേഖപ്പെടുത്തൽ യഥാസമയം നടത്തുന്നില്ല. ലെഡ്ജർ രേഖപ്പെടുത്തലുകൾ പ്രകാരം 31.03.2024-ലാണ് ഡിമാന്റ് ജനറേറ്റ് ചെയ്തിട്ടുള്ളത്.

### 1-1-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ബാലൻസ് ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.

## 1-2 ബജറ്റ്

| | |
|---|---|
| ബജറ്റ് ജനറൽ കമ്മിറ്റി പാസ്സാക്കിയ തീയതി | 27.03.2023 |
| റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീയതി | 08.02.2024 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവും യഥാർത്ഥ വരവ് ചെലവും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| | ബജറ്റ് പ്രകാരം | റസീറ്റ് & പേയ്മെന്റ് പ്രകാരം |
| മുന്നിരിപ്പ് | 8237766 | 21928833 |
| വരവ് | 215483000 | 37821856.3 |
| ആകെ | 223720766 | 59750689.3 |
| ചെലവ് | 221125000 | 28312506.3 |
| നീക്കിയിരിപ്പ് | 2595766 | 31438183 |

## 1-3 സാമ്പത്തികനില

| ഇനം | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 21928833 | |
| ഓഡിറ്റ് വർഷത്തെ വരവ് | 37821856.3 | 106748903.3 |
| ആകെ വരവ് | 59750689.3 | |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 28312506.3 | 106880527 |
| നീക്കിയിരിപ്പ് | 31438183 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 16886000 | 16886000 | 12846887 | 4039113 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 6307000 | 6307000 | 4413514 | 1893486 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 5662400 | 2097000 | 7759400 | 322428 | 7436972 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 1443616 | 2796000<br>208051<br>(പലിശ ) | 4447667 | 2801884 | 1645783 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 4447350 | 4447350 | 4441586 | 5764 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | 0 | 5491400 | 5491400 | 4517251 | 974149 |
| ഹെൽത്ത് ഗ്രാന്റ് ടുവേർഡ്സ് സപ്പോർട്ട് ഫോർ ഡയഗണോസ്റ്റിക് ഇൻഫ്രാസ്ട്രക്ച്ചർ ടു പി.എച്ച്.സി | 2574 | 740000<br>13081<br>(പലിശ) | 755655 | 0 | 755655 |
| ഹെൽത്ത് ഗ്രാന്റ് ടുവേർഡ്സ് ബിൽഡിംഗ് ലെസ്സ് സബ്സെന്റർ, പി.എച്ച്.സി ആൻഡ് സി.എച്ച്.സി. | 0 | 5500000<br>111000<br>(പലിശ) | 5611000 | 0 | 5611000 |
| ഹെൽത്ത് ഗ്രാന്റ് ടുവേർഡ്സ് കൺവേർഷൻ ഓഫ് പി.എച്ച്.സി ആൻഡ് സബ്സെന്റർ, ഇൻറ്റു ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ | 78946 | 321000<br>4756<br>(പലിശ) | 404702 | 200457 | 204245 |
| **സംസ്ഥാനാവിഷ്കൃത ഫണ്ട്** | | | | | |
| ശുചിത്വ മിഷൻ | 768116 | 168000 | 936116 | 204000 | 732116 |
| വിമുക്തി | 19485 | 11440 | 30925 | 11440 | 19485 |
| ലൈഫ് | 720000 | 5780000 | 6500000 | 4000000 | 1900000 |
| ബഡ്സ് സ്കൂൾ | 1210741 | 0 | 1210741 | 95846 | 1114895 |
| **കേന്ദ്രാവിഷ്കൃത ഫണ്ട്** | | | | | |
| ഐ.സി.ഡി.എസ്. | 988614 | 1125552 | 2114166 | 929344 | 1184822 |
| എം.ജി.എൻ. ആർ.ജി.എസ് | 1369359 | 20812459 | 22181818 | 22175751 | 6067 |

## 1-5 പദ്ധതി അവലോകനം

1. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായും നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 230 | 124940613 | 150 | 40089922 | 80 | 65.21 |

**2.നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം**

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 11 | 10 | 2890492 | 1509619 |
| കൃഷി ഓഫീസർ | 14 | 10 | 3575010 | 1270721 |
| സെക്രട്ടറി | 44 | 27 | 8036953 | 6697408 |
| വെറ്ററിനറി സർജൻ | 5 | 3 | 2780000 | 163831 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 14 | 9 | 7051047 | 678494 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10 | 5 | 53154106 | 12304127 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10 | 10 | 4388000 | 3009224 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 2 | 1050000 | 791217 |
| ഹെഡ്മാസ്റ്റർ | 7 | 7 | 1481700 | 1365107 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 99 | 53 | 35066457 | 9729621 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 10 | 4611573 | 1743177 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 4 | 4 | 855275 | 827376 |
| ആകെ | 230 | 150 | 124940613 | 40089922 |

**1-6 തൊഴിലുറപ്പ് പദ്ധതി**

ഓഡിറ്റ് വർഷം തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1369359 | 1069463 | 2438822 | 2432755 | 6067 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 19742996 | 19742996 | 19742996 | 0 |

**1-7 ക്ഷേമ പദ്ധതികൾ**

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 1630 | 16855400 |
| വിധവാ പെൻഷൻ | 726 | 7669900 |
| കർഷക തൊഴിലാളി പെൻഷൻ | 319 | 3728400 |
| മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 226 | 2566100 |

| | | |
|---|---|---|
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 28 | 331200 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.08.2024, 3.35 P.M-ന് സ്ഥാപനതലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 45469 (നാൽപ്പത്തയ്യായിരത്തി നാന്നൂറ്റി അറുപത്തി ഒൻപത്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് ഉത്തരവ് പ്രകാരം ജോലിവിഭജനം നടത്തി വരുന്നുണ്ട്. വസ്തുനികുതി, തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ് രേഖപ്പെടുത്തൽ യഥാസമയം നടത്തുന്നില്ല. ലെഡ്ജർ രേഖപ്പെടുത്തലുകൾ  പ്രകാരം 31.03.2024-ലാണ് ഡിമാന്റ് ജനറേറ്റ് ചെയ്തിട്ടുള്ളത്. കടമുറികളുടെ വാടക പിരിക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ അംഗീകൃത ബൈലോ നിലവിലില്ല. വിവിധ ലേലങ്ങളുടെ ഡയറി സാക്ഷ്യപ്പെടുത്താതെയാണ് സൂക്ഷിച്ചിട്ടുള്ളത്. വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, സാംഖ്യയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. തൊഴിൽനികുതി ഈടാക്കേണ്ട ട്രേഡർമാരുടെ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല. എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്നും സ്ഥാപനങ്ങളിലെ ബാധകമായ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തിയിട്ടില്ല.

പഞ്ചായത്ത് കമ്മിറ്റിയുടെ മിനിട്സ് യഥാസമയം ക്ലോസ് ചെയ്യുന്നില്ല. ബാങ്ക് അക്കൗണ്ടുകളുടെ റെക്കൺസിലേഷൻ പ്രതിമാസം നടത്തുന്നില്ല. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഫണ്ട്, അൺ ടൈഡ് ഫണ്ട് എന്നീ ഇനങ്ങളിലെ നീക്കിയിരിപ്പ് ബാങ്ക് പാസ്സ് ബുക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. സ്ഥിര നിക്ഷേപം സംബന്ധിച്ച കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. അഡ്വാൻസ് രജിസ്റ്ററിൽ വർഷാവസാനം ക്രമീകരിക്കാൻ അവശേഷിക്കുന്ന ഡെപ്പോസിറ്റ് തുകകളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. നികുതി, നികുതിയേതര വരുമാനം ആയി ബാങ്കിൽ നേരിട്ട് ലഭിക്കുന്ന തുകകളുടെ വിവരം ഫ്രണ്ട് ഓഫീസിൽ നിന്ന് അതാത് സെക്ഷൻ ക്ലാർക്കുമാർക്ക് നൽകുന്നുണ്ട്. പെർമിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. സേവനാവകാശ രജിസ്റ്റർ 27.10.2012-ലെ ജി.ഓ(പി)56/2012 പി&എ.ആർ.ഡി ഉത്തരവിന് അനുസൃതമായി പൂർണ്ണമായ വിവരം സഹിതം സൂക്ഷിച്ചിട്ടില്ല. എഞ്ചിനീയറിംഗ് വിഭാഗത്തിന് ഫീൽഡ് പരിശോധനയ്ക്കായി വാഹനം വാടകയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിട നമ്പറിംഗ് ഫയലും പെർമിറ്റ് ഫയലും ക്ലബ്ബ് ചെയ്ത് സൂക്ഷിച്ചിട്ടില്ല. പദ്ധതികളുടെ മോണിട്ടറിംഗ് വർക്കിംഗ് ഗ്രൂപ്പുകൾ മുഖേന നടത്തിയിട്ടില്ല. പൊതുടാപ്പുകൾ പൂർണ്ണമായും ക്ലോസ് ചെയ്യുന്നതിനുള്ള നടപടി പൂർത്തീകരിച്ചില്ല. ഗ്രാമപ്പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുക്കൾ അളന്ന് തിട്ടപ്പെടുത്തി കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. തെരുവു വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ വിതരണ വിവരം കൃത്യമായി രെഖപ്പെടുത്തുന്നില്ല. എന്നാൽ വിളക്കുകൾ കൈപ്പറ്റിയതായി കരാറുകാരന്റെ സാക്ഷ്യപത്രം പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. റിപ്പയർ ചെയ്ത വിളക്കുകളുടെ കാര്യത്തിൽ അവ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പറും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

അധികൃതർ ശ്രദ്ധിക്കേണ്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. | ആസ്തി രജിസ്റ്ററിലെ ന്യൂനതകൾ പരിഹരിച്ച് കാലികമാക്കേണ്ടതാണ്. |
| 2. | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും തുകയൊന്നും വരവ് വന്നിട്ടില്ല. അടിയന്തിരമായി നിധിയിലേക്ക് സംഭാവനകൾ സ്വീകരിക്കുന്നതിന് നടപടിയുണ്ടാകേണ്ടതാണ്. |
| 3. | ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ ആവശേഷിക്കുന്ന എല്ലാ ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. |
| 4. | ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുകയും, ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്. |
| 5. | തെരുവ് വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക് സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കേണ്ടതാണ്. ഇലക്ട്രിക്കൽ സാധനങ്ങൾക്ക് സ്റ്റോക്ക്-ഇൻ-രജിസ്റ്ററും (അൺ സർവ്വീസബിൾ മെറ്റീരിയൽസിന്), സ്റ്റോക്ക് ഔട്ട് രജിസ്റ്ററും സൂക്ഷിക്കേണ്ടതും, ഇവ തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതുമാണ്. |
| 6. | സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, വിതരണവും കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. |

| | |
|---|---|
| 7. | ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ആഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി കാലികവും ആധികാരികവുമാക്കേണ്ടതാണ്. |
| 8. | സ്യൂട്ട് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും (പരാതി കക്ഷികൾ, എതിർ കക്ഷികൾ, കേസിന്റെ സംക്ഷിപ്തം, ഹാജരാകുന്ന വക്കീൽ, കേസിന്റെ പുരോഗതി/നിലവിലെ അവസ്ഥ) ചേർത്ത് കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്. |
| 9. | ഗ്രാമസഭ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, പഞ്ചായത്ത് കമ്മിറ്റി തുടങ്ങിയവയുടെ മിനിട്സ് യഥാസമയം ക്ലോസ് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. |
| 10. | വിവിധ വരവിനങ്ങളുടെ ഡിമാന്റുകൾ യഥാസമയം സാംഖ്യയിൽ അക്കൗണ്ട് ചെയ്യേണ്ടതാണ്. |
| 11. | പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുക്കൾ അളന്ന് തിട്ടപ്പെടുത്തി പേരിൽക്കൂട്ടുന്നതിനുള്ള നടപടികൾ പൂർണ്ണമാക്കേണ്ടതാണ്. |
| 12. | ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പുറമ്പോക്കുകൾ കൈയ്യേറുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിന് മോണിട്ടറിംഗ് ഉണ്ടാകേണ്ടതാണ്. |
| 13. | ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവയിൽ പൂർണ്ണമായ വിവരം ചേർത്ത് കൃത്യമാക്കേണ്ടതാണ്. |
| 14. | തെരുവുവിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ വിതരണം സംബന്ധിച്ച രേഖപ്പെടുത്തൽ പൂർണ്ണമാക്കേണ്ടതാണ്. |

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.09.2018 | 2013-14 മുതൽ 2017-18 വരെ | 03.11.2018 |
| പെർഫോർമൻസ് ഓഡിറ്റ് | 28.06.2022 | 2022 ജനവരി-മാർച്ച് | 01.02.2023 |

## 1-11 പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചു

2023-24 സാമ്പത്തിക വർഷം വസ്തു നികുതി നിർണ്ണയിച്ച് നമ്പർ നൽകിയ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി.

സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) എന്നിങ്ങനെ 300 ച.മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 9 രൂപ നിരക്കിലും, സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) എന്നിങ്ങനെ 300 ച.മീറ്റർ മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 12 രൂപ നിരക്കിലും ആണ് വസ്തു നികുതി ഈടാക്കേണ്ടത്. എന്നാൽ 300 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളെ 300 ച.മീറ്റർ വരെയുള്ള സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) കെട്ടിടങ്ങളുടെ ഇനത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് മൂലം വസ്തു നികുതിയിൽ കുറവ് വന്നിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നം | 11/954 | 3/702 |
|---|---|---|
| വിസ്തീർണ്ണം (ച.മീ.) | 653.77 | 311.06 |
| സഞ്ചയ പ്രകാരമുള്ള അടിസ്ഥാന വസ്തു നികുതി | 5883.93 | 2799.54 |
| ബാധകമായ ഇളവുകൾ | ഇല്ല | ഇല്ല |
| ബാധകമായ വർദ്ധനകൾ | വഴി സൗകര്യം (20%), തറ നിർമ്മിതി (15%), എയർ കണ്ടീഷനിംഗ് (10%) | വഴി സൗകര്യം (20%), തറ നിർമ്മിതി (15%) |
| സഞ്ചയ പ്രകാരമുള്ള വാർഷിക വസ്തു നികുതി | 5883.93+20%+15%+10%=8532 | 2799.54+20% +15%=3780 |
| വാർഷിക വസ്തു നികുതിയും സർവീസ് ചാർജ്ജും കൂടിയ തുക | 8532+5%=8959 | 3780+5%=3969 |

| | | |
|---|---|---|
| ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി | 653.77x12= 7845.24 | 311.06x12=3732.72 |
| ഈടാക്കേ ണ്ടിയിരുന്ന വാർഷിക വസ്തു നികുതിയും സർവീസ് ചാർജ്ജും കൂടിയ തുക | 7845.24+20%+15%+10%+5%= 11945 | 3732.72+20%+15%+5%= 5292 |
| നികുതി നിലവിൽ വന്ന അർദ്ധ വർഷം | 2023-24 ഒന്നാം അർദ്ധവർഷം | 2023-24 ഒന്നാം അർദ്ധവർഷം |
| നികുതി ഈടാക്കിയതിലെ കുറവ് | 11945-8959= 2986 | 5292-3969= 1323 |

വസ്തു നികുതി നിർണ്ണയത്തിലെ പിഴവ് മൂലം തൻവർഷം ആകെ 4309 രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/27.08.2024) മറുപടിയായി കുറവ് വന്ന തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്ന് അറിയിച്ചു.
മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി സഞ്ചയയിൽ പുനർനിർണ്ണയിച്ച്, വസ്തു നികുതിയിനത്തിൽ കുറവ് വന്ന തുക ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-12 തനത് വരുമാനം- കുടിശ്ശിക പിരിച്ചെടുക്കേണ്ടത് അനിവാര്യം

ഗ്രാമപഞ്ചായത്തിലെ വിവിധ ഡി സി ബി ഇനങ്ങളിലെ ഡിമാന്റ് കളക്ഷൻ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| തൻവർഷത്തെ വസ്തു നികുതി (സഞ്ചയപ്രകാരം) | 3543945 | 3000293 | 543652 |
| വസ്തു നികുതി കുടിശ്ശിക (സഞ്ചയപ്രകാരം) | 604808 | 170623 | 434185 |
| തൊഴിൽ നികുതി | 1084220 | 1084220 | 0 |
| തൊഴിൽ നികുതി-ട്രേഡേഴ്സ്/സ്ഥാപനം | 196550 | 196550 | 0 |
| ലൈസൻസ് ഫീ | 116500 | 116500 | 0 |
| വാടക | 290743 | 290743 | 0 |
| പെർമിറ്റ് | 842766.30 | 845471.30 | 0 |

വസ്തു നികുതി - 9.16 ലക്ഷം പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

1) പഞ്ചായത്തിലെ ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ വലിയ തുക പിരിച്ചെടുക്കാനവശേഷിക്കുന്നുണ്ട്. ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങളുടെ സഞ്ചയ പ്രകാരമുള്ള വസ്തു നികുതി ഡി.സി.ബി വിവരം ചുവടെ ചേർക്കുന്നു.

| ഡിമാന്റ് | | | കളക്ഷൻ | | | ബാലൻസ് | | | പിരിവ് ശതമാനം |
|---|---|---|---|---|---|---|---|---|---|
| മുൻവർഷം | തൻവർഷം | ആകെ | മുൻവർഷം | തൻവർഷം | ആകെ | മുൻവർഷം | തൻവർഷം | ആകെ | |
| 604808 | 3543945 | 4148753 | 170623 | 3000293 | 3170916 | 434705 | 526885 | 961590 | 76.43 |

2023-24 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരം തൻവർഷം ആകെ (ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങളുടെ) കുടിശ്ശിക 314513 രൂപയും, മുൻവർഷങ്ങളിലേത് ആകെ 455227 രൂപയും ആണ്. സഞ്ചയയിലെയും, ധനകാര്യ പത്രികയിലെയും തുകകൾ തമ്മിൽ പൊരുത്തപ്പെടാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 25/30.08.2024) മറുപടി ലഭിച്ചില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കേണ്ടതുമാണ്.

2) വസ്തു നികുതി കുടിശ്ശികയിനത്തിൽ വലിയ തുക ഒടുക്കാനുള്ള ഏതാനും കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമസ്ഥന്റെ പേര് | ഉപയോഗക്രമം | കുടിശ്ശിക |
|---|---|---|---|---|
| 1 | 13/552 | ജി.റ്റി.എൽ ഇൻഫ്രാ സ്ട്രക്ച്ചർ(66/4514 പ്രഭാ ടവർ 2 ഫ്ളോർ.എംജി.റോഡ്) | മൊബൈൽ ടെലഫോൺ ടവർ | 269231 |
| 2 | 11/843 | ശ്രീജിത് മേനോൻ, പണിക്കത്തറയിൽ | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 131535 |
| 3 | 12/522 | വൽസല ആർ നായർ, കുഴിക്കാട്ട് ഹൗസ്, | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 12522 |
| 4 | 11/870 | മാനേജർ ദേവസ്വം ഓഫീസ് മലയാലപ്പുഴ | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 10996 |
| 5 | 13/553 | ജി.റ്റി.എൽ.ഇൻഫ്രാ സ്ട്രക്ച്ചർ ലിമിറ്റഡ് (പ്രഭ ടവർ2 ഫ്ലോർ,എം.ജി.റോഡ്) | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 10557 |
| 6 | 11/680 | കെ ജി പുരുഷോത്തമൻ നായർ, ചിത്തിര | പാർപ്പിടാവശ്യം | 10272 |

മേൽ വ്യക്തികളിൽ/സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/30.08.2024) മറുപടി ലഭിച്ചു. ക്രമ നമ്പർ 1,2,5.6 എന്നിവരിൽ നിന്ന് വസ്തു നികുതി ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുണ്ടെന്നും, ക്രമ നമ്പർ 3,4 എന്നിവരിൽ നിന്ന് കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചു.

തദ്ദേശ സ്ഥാപനത്തിന്റെ നികുതി പിരിവ് ഡിമാന്റ് ചെയ്യപ്പെടുന്നതിന്റെ 90%-ൽ കുറവാണെങ്കിൽ അപ്രകാരമുള്ള തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന പൊതു വിഭാഗം വികസന ഫണ്ടിൽ ഒരു ശതമാനം കുറവ് വരുത്തുന്നതിന് 18.10.2022-ലെ സ.ഉ.(കൈ)നം.179/2022/ധന. നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. വസ്തു നികുതി ഇനത്തിൽ കുടിശ്ശികയുള്ള മുഴുവൻ തുകയും ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-13 സ്ഥാപന തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു

തൊഴിൽ നികുതി രജിസ്റ്റർ, തൊഴിൽ നികുതി റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ലെന്ന് വ്യക്തമായി.

1. മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, വെട്ടൂർ

2. മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, പുതുക്കുളം

3. മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, മലയാലപ്പുഴ

4. മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, ആനചരിക്കൽ

ഈ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 റേഷൻ റീട്ടെയിൽ ഷോപ്പുകൾ ലൈസൻസ് എടുത്തിട്ടില്ല

സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര വകുപ്പ് പ്രസിദ്ധീകരിച്ച ജില്ലാതല റിപ്പോർട്ടു പ്രകാരം മലയാലപ്പുഴ ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ 16 റേഷൻ റീട്ടെയിൽ ഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ഇവ ഗ്രാമപ്പഞ്ചായത്തിൽനിന്ന് ലൈസൻസ് എടുക്കേണ്ടതാണ്. 2023-24 സാമ്പത്തിക വർഷം പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല. കൂടാതെ, പ്രസ്തുത സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതിയും അവയിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/27.08.2024) റേഷൻ റീട്ടെയിൽ ഷോപ്പുകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് തുടർനടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ റേഷൻ റീട്ടെയിൽ ഷോപ്പുകളും ലൈസൻസ് എടുക്കുന്നുണ്ടെന്നും തൊഴിൽ നികുതി ഒടുക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1999-ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഒരു മുനിസിപ്പൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഏതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന MS & AYUSH Academy എന്ന ട്യൂട്ടോറിയൽ സ്ഥാപനം 2023-24 സാമ്പത്തിക വർഷം കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ 1999 പ്രകാരം രജിസ്ട്രേഷൻ എടുത്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/30.08.2024) ഈ സ്ഥാപനത്തിന് നോട്ടീസ് നൽകി രജിസ്ട്രേഷൻ നൽകുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-16 ചാങ്ങോലിക്കൽ കരിമ്പാറമല കുടിവെള്ള പദ്ധതി ഗുണഭോക്തൃസമിതിക്ക് കൈമാറിയില്ല; പദ്ധതി പ്രവർത്തന രഹിതം

ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി പ്രകാരം 2018-19 മുതൽ 2021-22 വരെ കാലയളവിലായി 18.02 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച കുടിവെള്ള പദ്ധതി നാളിതുവരെയും ഗ്രാമപ്പഞ്ചായത്ത് ഏറ്റെടുത്ത് നടത്തിപ്പ് ഗുണഭോക്തൃസമിതിയെ ഏൽപ്പിച്ചില്ല. പദ്ധതിക്കായി സൃഷ്ടിച്ച ആസ്തികൾ നിഷ്ക്രിയമായി.

പദ്ധതിയുടെ കിണർ നിർമ്മിക്കുന്നതിനും വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനുമായി പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിയിൽപ്പെടുത്തി 2018-19 ൽ 13.07 ലക്ഷം രൂപ ചെലവഴിച്ചു. പദ്ധതിയുടെ പൂർത്തീകരണത്തിനായുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും കിണർ നെറ്റ് കെട്ടി സംരക്ഷിക്കുന്നതിനുമായി ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി പ്രകാരം 2020-21 ൽ 5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 2020-21,2021-22 വർഷങ്ങളിലായി ₹495554 രൂപ കൂടി ചെലവഴിക്കുകയും ചെയ്തു. മോട്ടോർ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിട്ടുമുണ്ട്. ഇപ്രകാരം ഈ പദ്ധതിയ്ക്കായി നാളിതുവരെ 18.02 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ഗ്രാമപ്പഞ്ചായത്ത് ഏറ്റെടുക്കുകയോ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ചാങ്ങോലിക്കൽ കരിമ്പാറമല കുടിവെള്ളപദ്ധതിയുടെ തുടർനടത്തിപ്പിന് ഗുണഭോക്തൃസമിതിയെ ഏൽപിക്കുന്നത് സംബന്ധിച്ച് 9.5.2023 ലെ 10(1) നമ്പർ ആയുള്ള പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തെങ്കിലും തീരുമാനം എടുക്കുകയുണ്ടായില്ല. പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് 30.8.2024 ൽ 26 ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. പദ്ധതിക്കായി ചാങ്ങോലിക്കൽ എന്ന സ്ഥലത്ത് നിർമ്മിച്ചിരുന്ന കുളം ചെളി നിറഞ്ഞ നിലയിലാണെന്ന് ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. വാട്ടർ ടാങ്കിന്റെ ക്ലീനിംഗ് വാൽവ് സാമൂഹ്യ വിരുദ്ധർ ഇളക്കി മാറ്റിയ നിലയിലും പ്രഷർ ലെയിൻ വാൽവ് നശിപ്പിച്ചിട്ടുള്ള സ്ഥിതിയിലുമാണ്. ലക്ഷങ്ങൾ ചെലവഴിച്ച് കുടിവെള്ള പദ്ധതികൾക്കായി നിർമ്മിച്ച ആസ്തികൾ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ഏറ്റെടുക്കാതെ നിഷ്ക്രിയമായതും നശിച്ചുകൊണ്ടിരിക്കുന്നതും ഗൗരവതരമാണ്. ചെലവഴിച്ച പദ്ധതിപ്പണം പാഴായതായി വിലയിരുത്തുന്നു.

ഓഡിറ്റ് നിർദ്ദേശം

ചാങ്ങോലിക്കൽ കരിമ്പാറമല കുടിവെള്ളപദ്ധതി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ഏറ്റെടുത്ത് ആയതിന്റെ നടത്തിപ്പ് ഗുണഭോക്തൃസമിതിയെ ഏൽപിക്കുന്നതിന് ഭരണതലനടപടിക്ക് ശുപാർശ ചെയ്യുന്നു.

## 1-17 ആസ്തികൾ അളന്ന് തിട്ടപ്പെടുത്തിയില്ല – ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്തില്ല

മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ് എന്ന് 19.4.2022-ലെ സ.ഉ.(കൈ) നമ്പർ 84/2022/തസ്വഭവ ആയി ഗ്രാമ, ബ്ലോക്ക്, ജില്ലാപ്പഞ്ചായത്തുകൾ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8-ൽ നിർദ്ദേശിച്ചിട്ടുണ്ട്. അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ് സങ്കേതങ്ങളെ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റലൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ് എന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതനുസരിച്ച് ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്യുന്നതിന് പദ്ധതി നടപ്പാക്കിയില്ല.

ഗ്രാമപ്പഞ്ചായത്ത് ഓഫീസ് നിലനിൽക്കുന്ന സ്ഥലം കൈയ്യേറ്റ ഭീഷണിയിലാണെന്നും, അളന്ന് തിട്ടപ്പെടുത്തുന്നതിന് റവന്യൂ വകുപ്പ് മുഖേന നടപടി സ്വീകരിച്ച് വരികയാണെന്നും ഓഡിറ്റ് സമാപന യോഗത്തിൽ ജനപ്രതിനിധികൾ അറിയിച്ചു. ഗ്രാമപ്പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുക്കൾ അളന്ന് തിട്ടപ്പെടുത്താത്തതും കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കാത്തതും ഗുരുതരമായ സ്ഥിതിവിശേഷമാണ്.

ഓഡിറ്റ് നിർദ്ദേശം

1. ഗ്രാമപ്പഞ്ചായത്ത് ഓഫീസ് നിലനിൽക്കുന്ന സ്ഥലം ഉൾപ്പെടെ പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമി അളന്ന്

തിട്ടപ്പെടുത്തുന്നതിനും കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

2. അംഗീകൃത ഏജൻസികൾ മുഖേന ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്യുന്നതിന് പദ്ധതി നടപ്പാക്കേണ്ടതാണ്.

## 1-18 ഉയർന്ന വില നൽകി അക്രഡിറ്റഡ് ഏജൻസിയിൽനിന്ന് ഗുണനിലവാരമില്ലാത്ത തെരുവ് വിളക്കുകൾ വാങ്ങി

തെരുവുവിളക്കുകളുടെ മെയിന്റനൻസിന്റെ ഭാഗമായി അക്രഡിറ്റഡ് ഏജൻസിയായ KREWS-ൽ നിന്ന് എൽ.ഇ.ഡി ബൾബുകൾ വാങ്ങിയതിന് ഉയർന്ന നിരക്ക് നൽകേണ്ടി വന്നു. സപ്ലൈ ചെയ്ത തെരുവുവിളക്കുകളിൽ 350 എണ്ണം ദിവസങ്ങൾക്കുള്ളിൽ കേടായി. അവ ക്രൂസിന് തിരികെ നൽകിയെങ്കിലും പകരം പുതിയ വിളക്കുകൾ ഇതേവരെ ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തെരുവുവിളക്കുകൾക്ക് സാധനസാമഗ്രികൾ വാങ്ങുന്നതിന് 5 ലക്ഷം രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് അടിസ്ഥാന വിഹിതം വകയിരുത്തി S3/24 നമ്പരായി പദ്ധതി അംഗീകാരം വാങ്ങിയിരുന്നു. പദ്ധതി വിഭാവനം ചെയ്തതനുസരിച്ച് 9 W, 12 W LED ബൾബുകളും അനുബന്ധ സാമഗ്രികളും അക്രഡിറ്റഡ് ഏജൻസികളിൽ നിന്ന് വാങ്ങുന്നതിന് 3.6.2023-ന് ടെണ്ടർ ക്ഷണിച്ചു. ഏറ്റവും കുറഞ്ഞ നിരക്ക് സമർപ്പിച്ചത് KREWS, കാസർഗോഡ് എന്ന സ്ഥാപനം ആയിരുന്നു. ഉദാഹരണമായി, 12 W LED ബൾബിന് 166.93 രൂപ, 9W LED ബൾബിന് 93.08 രൂപ, ബൾബിന്റെ മെറ്റൽ ഷേഡിന് 38.41 രൂപ എന്നിങ്ങനെയായിരുന്നു ജി.എസ്.റ്റി കൂടാതെയുള്ള നിരക്കുകൾ. KREWS-ന്റെ ടെണ്ടർ അംഗീകരിച്ച് കരാർ നൽകിയതിനെ തുടർന്ന് ആ സ്ഥാപനത്തിന്റെ 24.8.2023-ലെ KREWS/D28 /23-24 നമ്പർ ടാക്സ് ബിൽ പ്രകാരം 12 W LED ബൾബുകൾ 1000 എണ്ണം, 9 W LED ബൾബുകൾ 500 എണ്ണം, ബൾബിന്റെ മെറ്റൽ ഷേഡ് 1700 എണ്ണം ഉടങ്ങിയ സാമഗ്രികൾ വാങ്ങിയതിന് 11.1.2024, 7.2.2024 എന്നീ തീയതികളിലായി 372109 രൂപ നൽകി (11.1.2024 ലെ PFMS വൗച്ചർ നമ്പർ XVFC/23-24/P/18 മുതൽ 21 വരെയും 23 മുതൽ 26 വരെയും എന്നിവ പ്രകാരം 300000 രൂപ; 7.2.2024 ലെ PFMS വൗച്ചർ നമ്പർ XVFC/23-24/P/47 മുതൽ 50 വരെ 72109 രൂപ).

തെരുവുവിളക്കുകൾ വാങ്ങുന്നതിന് 2024-25-ൽ S14/25 നമ്പരായി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതി പ്രകാരം 12.7.2024-ൽ ലൈസൻസുള്ള എല്ലാ കരാറുകാരിൽ നിന്നും ടെണ്ടർ ക്ഷണിച്ചു. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ വിനോദ് റ്റി.കെ, തടത്തിൽ എന്ന കരാറുകാരന്റെ ടെണ്ടർ ആണ് അംഗീകരിച്ചിട്ടുള്ളത്. ടിയാൻ സമർപ്പിച്ച നിരക്കുകളുടെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ക്വോട്ട് ചെയ്ത നിരക്ക് (നികുതി ഇല്ലാതെ) | വാറന്റി |
|---|---|---|
| 9 W LED ബൾബ് Crompton | 59 | 1.5 വർഷം |
| 9 W LED ബൾബ് Luker | 48 | |
| 9 W LED ബൾബ് Wipro | 54 | |
| 12 W LED ബൾബ് Crompton | 94 | 1 വർഷം |
| 12 W LED ബൾബ് Luker | 87 | |
| ബൾബ് മെറ്റൽ ഷേഡ് | 27 | രേഖപ്പെടുത്തിയിട്ടില്ല |

അക്രഡിറ്റഡ് ഏജൻസിയിൽ നിന്ന് വാങ്ങാതെ ഓപ്പൺ ടെണ്ടറിലൂടെ സാധനങ്ങൾ വാങ്ങിയപ്പോൾ 2024-25-ൽ പഞ്ചായത്തിന് വലിയ സാമ്പത്തിക ലാഭം ഉണ്ടായി. എന്നാൽ ഓഡിറ്റ് വർഷം KREWS-ൽ നിന്ന് നേരിട്ട് വാങ്ങിയപ്പോൾ ഉയർന്ന നിരക്ക് നൽകിയത് വഴി സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് കരാർ നൽകുന്നതിന് മുമ്പ്, നിരക്ക് യുക്തിഭദ്രമാണോ എന്ന് ഉറപ്പ് വരുത്തുന്നതിന് വാങ്ങൽ നടത്തുന്ന ഉദ്യോഗസ്ഥന് ബാദ്ധ്യതയുണ്ട് (Store Purchase Manual Para 9.46). നിരക്കിന്റെ യുക്തിഭദ്രത വിലയിരുത്തുന്നതിന് അതേ സ്റ്റോറുകളുടെ നിലവിലെ കമ്പോളനിരക്ക് എത്രയെന്ന് പരിശോധിക്കാവുന്നതാണ്. എന്നാൽ KREWS-ൽ നിന്നും എൽ.ഇ.ഡി വിളക്കുകളും അനുബന്ധസാമഗ്രികളും വാങ്ങിയപ്പോൾ അതേ സ്പെസിഫിക്കേഷനിലുള്ള സാധനങ്ങളുടെ കമ്പോളവില തട്ടിച്ചുനോക്കി വിലയുടെ യുക്തിഭദ്രത ഉറപ്പ് വരുത്തുകയോ, നിരക്ക് കുറവ് ചെയ്യാൻ നെഗോഷിയേഷൻ നടത്തുകയോ ചെയ്തില്ല.

വാങ്ങലിന് മുമ്പ് എൽ.ഇ.ഡി ബൾബുകളുടെ സാമ്പിൾ വാങ്ങി ക്ഷമതയുള്ള സ്ഥാപനത്തെക്കൊണ്ട് ഗുണനിലവാര പരിശോധന നടത്തിയില്ല. ക്രൂസ് 2023-24-ൽ സപ്ലൈ ചെയ്ത 9 W, 12 W എൽ.ഇ.ഡി ബൾബുകളിൽ 350 എണ്ണം കേടായതായും, ആയത് മാറ്റി നൽകണമെന്നും അറിയിച്ച് 17.11.2023-ൽ എസ്.സി-012793/2023 നമ്പരായി സെക്രട്ടറി ആ സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ കേടായ ബൾബുകളുടെ എണ്ണം 9 W, 12 W എന്നീ ഓരോ ഇനത്തിലുമായി പ്രത്യേകം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിലും കേടായവ സംബന്ധിച്ച് രേഖപ്പെടുത്തലില്ല. ക്രൂസ്- ന്റെ പ്രതിനിധി 23.7.2024-ൽ കേടായ വിളക്കുകൾ കൈപ്പറ്റിയെങ്കിലും ഓഡിറ്റ് തീയതി

വരെയും പുതിയ ബൾബുകൾ നൽകിയിട്ടില്ല എന്ന് ഈ വിഷയം സംബന്ധിച്ച് 23.9.2024-ൽ പഞ്ചായത്ത് ക്രൂസിന് വീണ്ടും നൽകിയ കത്ത് വ്യക്തമാക്കുന്നുണ്ട്. ടി കത്തിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കി.

സ്റ്റോറുകൾ സ്വീകരിക്കുന്നതിന് മുമ്പ് ആവശ്യമായ സ്പെസിഫിക്കേഷൻ പ്രകാരമാണ് അവ നിർമ്മിക്കപ്പെട്ടതെന്നും കരാറിൽ സൂചിപ്പിച്ച പ്രകാരമുള്ള പ്രവർത്തനക്ഷമത ഉള്ളതാണെന്നും ഉറപ്പാക്കേണ്ടതാണ് എന്ന് സ്റ്റോർ പർച്ചേസ് മാന്വലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനായി നടത്തിയ പരിശോധനയുടെ വിശദാംശങ്ങൾ ടെണ്ടർ രേഖകളിലും തുടർന്നുള്ള കരാറുകളിലും സൂചിപ്പിക്കേണ്ടതുമാണ്. ആവശ്യമായ സ്റ്റോറുകൾക്ക് ഇൻഡ്യൻ സ്റ്റാന്റേർഡുകൾ നിലവിലുണ്ടെങ്കിൽ ആയത് സ്വീകരിക്കണമെന്നും, ഐ.എസ്.ഐ/ബി.ഐ.എസ് (Bureau Of Indian Standards) മുദ്രയുള്ള സ്റ്റോറുകൾ വാങ്ങുന്നതിന് മുൻഗണന നൽകണമെന്നും സ്റ്റോർ പർച്ചേസ് മാന്വൽ നിഷ്കർഷിക്കുന്നു. എന്നാൽ സപ്ലൈ ചെയ്ത തെരുവുവിളക്കുകളിൽ ഗണ്യമായ എണ്ണം സ്ഥാപിച്ച് ദിവസങ്ങൾക്കുള്ളിൽ കേടായതിൽ നിന്നും നിശ്ചിത ഗുണനിലവാരം ഇല്ലാത്ത സാധനങ്ങളാണ് ക്രൂസ് സപ്ലൈ ചെയ്തത് എന്ന് വ്യക്തമാണ്. ആവശ്യമായ ഗുണനിലവാര പരിശോധന കൂടാതെ വാങ്ങൽ നടത്തിയത് വീഴ്ചയാണ്.

സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ച് കാര്യക്ഷമത, മിതവ്യയം, ഉത്തരവാദിത്തം എന്നിവ ഉറപ്പാക്കി വാങ്ങൽ നടത്തുന്നതിന് പ്രോജക്റ്റിന്റെ നിർവ്വഹണം നടത്തിയ സെക്രട്ടറിയുടെ ഭാഗത്ത് വീഴ്ച ഉണ്ടായി. നിശ്ചിത ഗുണനിലവാരം ഇല്ലാത്ത സ്റ്റോറുകൾ ഉയർന്ന വില നൽകി വാങ്ങിയ ഇനത്തിൽ പൊതുഖജനാവിന് ഗണ്യമായ നഷ്ടമുണ്ടായി. അപാകതയ്ക്ക് 24.8.2023-ൽ തെരുവുവിളക്കുകൾ വാങ്ങിയ സെക്രട്ടറി ഉത്തരവാദിയാണ്. ചെലവ് തുക 372109 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശം

1. കേടായ 350 തെരുവുവിളക്കുകൾക്ക് പകരം പുതിയ എൽ.ഇ.ഡി ബൾബുകൾ അടിയന്തിരമായി ക്രൂസ്-ൽ നിന്നും തിരികെ ലഭ്യമാക്കി സ്റ്റോക്കിൽ ചേർക്കേണ്ടതാണ്. ആവശ്യമെങ്കിൽ ഈ വിഷയം സംബന്ധിച്ച് നിയമ നടപടി സ്വീകരിക്കുന്നതിനുള്ള സാദ്ധ്യത ആരായുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2. കമ്പോള വിലയുമായി താരതമ്യം ചെയ്ത് വിലയുടെ യുക്തിഭദ്രത പരിശോധിക്കുന്നതിന്റെയും, ഗുണനിലവാരപരിശോധന നടത്തുന്നതിന്റെയും അടിസ്ഥാനത്തിൽ മാത്രം ഭാവിയിൽ വാങ്ങലുകൾ നടത്തേണ്ടതാണ്.

## 1-19 സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം - പദ്ധതി നടപ്പാക്കിയില്ല

സർക്കാർ സ്കൂളുകളിൽ യു.പി.വിഭാഗം വരെയുള്ള അർഹതപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും പ്രഭാതഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള പ്രോജക്റ്റുകൾ ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ് എന്ന് 19.4.2022-ലെ സ.ഉ(കൈ) 84/2022/തസ്വഭവ നമ്പർ ആയി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ സ്കൂളുകളിലെ അർഹരായ എല്ലാ കുട്ടികൾക്കും പ്രഭാതഭക്ഷണം നൽകുന്നുവെന്ന് ഉറപ്പാക്കിയശേഷം എയിഡഡ് സ്കൂളുകളിലെ യു.പി. വിഭാഗം വരെയുള്ള എല്ലാ കുട്ടികൾക്കും പ്രഭാതഭക്ഷണം ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കാവുന്നതാണ് എന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ഇപ്രകാരം പദ്ധതികൾ ഏറ്റെടുത്തിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

സർക്കാർ നൽകിയ മാർഗ്ഗനിർദ്ദേശം അനുസരിച്ച് സ്കൂളുകളിൽ യു.പി.വിഭാഗം വരെയുള്ള അർഹതപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും പ്രഭാതഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള പ്രോജക്റ്റുകൾ നടപ്പാക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 ചെലവഴിച്ചശേഷം ബാക്കിയുള്ള ധനകാര്യകമ്മീഷൻ ഗ്രാന്റും വികസന ഫണ്ടും തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

മുൻവർഷം ഡെപ്പോസിറ്റ് പ്രവൃത്തിക്കായി നൽകിയെങ്കിലും പദ്ധതി നടപ്പാക്കാഞ്ഞതിനാൽ തിരികെ ലഭിച്ച ധനകാര്യ കമ്മീഷൻ ഗ്രാന്റും ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗത്തിന് ശേഷം തിരികെ ലഭിച്ച വികസന ഫണ്ടും തനത് ഫണ്ടിൽ സൂക്ഷിക്കുന്നു.

പുതുക്കുളം കാഞ്ഞിരപ്പാറ പൈപ്പ് ലൈൻ നീട്ടലിന് നാല് ഘട്ടങ്ങളായി 2021-22-ൽ നടപ്പാക്കിയ 3 പ്രോജക്റ്റുകൾ പ്രകാരം 5346864 രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. ജലജീവൻ മിഷൻ പദ്ധതി നടപ്പാക്കി വരുന്നതിനാൽ പഞ്ചായത്തുകൾ സമാന്തരമായി കുടിവെള്ള പദ്ധതികൾ നടപ്പാക്കേണ്ടതില്ല എന്ന് സർക്കാർ നിർദ്ദേശിച്ചി രുന്നതിന്റെ അടിസ്ഥാനത്തിൽ 5346864 രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും മുൻവർഷം തിരികെ വാങ്ങി തനത് ഫണ്ട് അക്കൗണ്ടിൽ 23.2.2023-ൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

ടി തുകയിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് അടിസ്ഥാന വിഹിതം, വികസന ഫണ്ട് എന്നിവയിൽ നിന്ന് 14 ലക്ഷം രൂപ

വകയിരുത്തി വീട് മെയിന്റനൻസ് (S228/24) എന്ന പദ്ധതി പ്രകാരം 3 ലക്ഷം രൂപ ഓഡിറ്റ് വർഷം ചെലവഴിച്ചു. തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied Fund) ഇനത്തിൽ 557947 രൂപ വകയിരുത്തി ഓഡിറ്റ് വർഷം വള്ളിയാനിക്കുളം നവീകരണം എന്ന പദ്ധതി അംഗീകാരം വാങ്ങിയെങ്കിലും തുക ഒന്നും ചെലവഴിച്ചിട്ടില്ല. നടപ്പ് വർഷം രണ്ട് പദ്ധതികളും സ്പിൽ ഓവർ ആയി അംഗീകാരം വാങ്ങിയിട്ടുണ്ട്. രണ്ട് പദ്ധതികളും 2024-25-ൽ നടപ്പാക്കി വരുന്നതായി അധികൃതർ അറിയിച്ചു.

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻവർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ വിനിയോഗശേഷം ബാക്കി തിരികെ ലഭിച്ചത് തനത് ഫണ്ടിൽ ക്രെഡിറ്റ് ചെയ്തിരുന്നു. ഈയിനങ്ങളിൽ തനത് ഫണ്ട് അക്കൗണ്ടിൽ ഉള്ള നീക്കിയിരിപ്പിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | 31.3.2024-ലെ നീക്കിയിരുപ്പ് |
|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് Tied Fund | 3762577 |
| ടി ബേസിക് ഗ്രാന്റ് | 149820 |
| വികസന ഫണ്ട് | 885496 |
| ആകെ | 5033001 |

തിരികെ ലഭിച്ച വികസന ഫണ്ടും ധനകാര്യകമ്മിഷൻ ഗ്രാന്റും തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല.

ഓഡിറ്റ് നിർദ്ദേശം

2024-25-ൽ മേൽസൂചിപ്പിച്ച പ്രകാരം സ്പിൽ ഓവർ ആയി നടപ്പാക്കി വരുന്ന പദ്ധതികളുടെ ചെലവിന് ശേഷം ബാക്കിയാകുന്ന വികസന ഫണ്ട് സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് തിരികെ ഒടുക്കേണ്ടതും, അവശേഷിക്കുന്ന ധനകാര്യ കമ്മീഷൻ ഗ്രാന്റ് പി.എഫ്.എം.എസ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതുമാണ്.

## 1-21 ടെണ്ടർ നടപടി കൂടാതെ മൺചട്ടി വാങ്ങി

2023-24 സാമ്പത്തിക വർഷത്തെ 'മൺചട്ടിയിൽ പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും' എന്ന പ്രോജക്റ്റിന്റെ ഭാഗമായി ടെണ്ടർ കൂടാതെയാണ് മൺചട്ടികൾ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ (KAICO) നിന്നും വാങ്ങിയിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല. പ്രോജക്റ്റിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് /നം. | മൺചട്ടിയിൽ പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും , S0134/24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ തുക | 522000<br>(391500 (വികസന ഫണ്ട് ജനറൽ) +<br>130500 (ഗുണഭോക്തൃ വിഹിതം)) |
| ചെലവ് | 522000 |
| ഗുണഭോക്തൃ വിഹിതം, ചെക്ക് നം, തീയതി | 130500, 154789, 12.03.2024 |
| ബിൽ നം, തീയതി, തുക | 345, 28.02.2024 – 81000<br>355, 02.03.2024 – 40500<br>239, 04.02.2024 – 99000<br>230, 01.01.2024 – 99000<br>266, 29.01.2024 – 72000 |

പോട്ടിന്റെ യൂണിറ്റ് കോസ്റ്റ് 180 രൂപ ആണ്. ആകെ 2900 പോട്ടുകൾ സപ്ലൈ ചെയ്തതിന്റെ ഇൻവോയിസ് വിവരങ്ങൾ

ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം., തീയതി | തുക |
|---|---|
| 1002, 08.12.2023 | 99000 |
| 1135, 22.12.2023 | 99000 |
| 1147, 23.12.2023 | 81000 |
| 1148, 26.12.2023 | 81000 |
| 1740, 21.02.2024 | 81000 |
| 1741, 22.02.2024 | 81000 |

18.12.2019-ലെ സ.ഉ.(സാധാ)നം.2881/2019/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം KAICO സ്വന്തമായി ഉത്പാദിപ്പിക്കുന്ന സാധനങ്ങളും, സബസിഡി മാർഗ്ഗരേഖയിലെ കൃഷിയുമായി ബന്ധപ്പെട്ട 1 മുതൽ 5 വരെ പരാമർശിച്ചിരിക്കുന്ന സാധന സാമഗ്രികളും KAICO-യിൽനിന്ന് ടെണ്ടർ നടപടി കൂടാതെ നേരിട്ട് വാങ്ങാവുന്നതാണ്. മൺചട്ടികൾ KAICO- യിൽ നിന്ന് ടെണ്ടർ നടപടി കൂടാതെ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/30.08.2024) മറുപടി ലഭ്യമായിട്ടില്ല. മൺചട്ടികൾ കെയ്കോ സ്വന്തമായി നിർമ്മിച്ചതാണോ എന്ന് വ്യക്തമാക്കേണ്ടതും, അല്ലാത്തപക്ഷം മൺചട്ടികൾ KAICO-യിൽ നിന്ന് ടെണ്ടർ നടപടി കൂടാതെ വാങ്ങിയതിന് സാധൂകരണം ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ടും ലഭ്യമാക്കേണ്ടതാണ്. മൺചട്ടികൾ വാങ്ങിയതിന് ചെലവായ 522000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 പി.എച്ച്.സി-ക്ക് മരുന്ന് - പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം വരുത്തി - മരുന്നും ഉപകരണങ്ങളും പൂർണ്ണമായും ലഭിച്ചില്ല

പി.എച്ച്.സി-ക്ക് മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിന് പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം വരുത്തി. യഥാസമയം പർച്ചേസ് ഓർഡർ നൽകാഞ്ഞതിനാൽ വർഷാന്ത്യം മാത്രമാണ് പ്രൊഫോർമാ ഇൻവോയിസ് ലഭ്യമാക്കി തുക മുൻകൂറായി KMSCL-ന് നൽകിയത്. ഭൂരിഭാഗം മരുന്നും ഉപകരണങ്ങളും ഇപ്പോഴും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | KMSCL ന് മുൻകൂർ നൽകിയ തുക | ബിൽ നമ്പർ, തീയതി | ലഭിച്ചത് | ലഭിക്കാനുള്ളത് |
|---|---|---|---|---|
| പി.എച്ച്.സി-ക്ക് മരുന്ന് 81/24 | 450000 | 39/ 26.3.24 | 34294 | 415706 |
| പാലിയേറ്റിവ് കെയർ<br>75/24 (മരുന്ന്) | 78780 | 45/ 26.3.24 | 17504 | 61276 |
| 242/24 PHC യിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത്& വെൽനെസ്സ് പ്രവർത്തനം നടപ്പാക്കൽ (മരുന്ന്)<br>(ടി പദ്ധതി പ്രകാരം 25488 രൂപ ചെലവഴിച്ച് ഫർണിച്ചർ കൂടി വാങ്ങിയിട്ടുണ്ട്) | 104543 | | 0 | 104543 |
| **ആകെ** | | | | **581525** |
| 75/24 പാലിയേറ്റിവ് കെയർ (ഉപകരണങ്ങൾ) | 294160 | 47/ 27.3.24 | 5049 | 289111 |

**581525** രൂപയുടെ മരുന്നും 289111 രൂപയുടെ സഹായ ഉപകരണങ്ങളും ഇപ്പോഴും ലഭിച്ചിട്ടില്ല. വാങ്ങലുകൾ നടത്തുന്നതിന് മുന്നോടിയായി ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവെയിലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയതും KMSCLന് പർച്ചേസ് ഓർഡർ നൽകിയതും ഓഡിറ്റ് വർഷം മാർച്ച് അവസാനം മാത്രമാണ്. ഇക്കാര്യങ്ങളിൽ കാലതാമസം വരുത്തിയതിനാൽ ആണ് മരുന്ന് ലഭ്യമാക്കുന്നതിന് ഇത്രയും കാലതാമസം ഉണ്ടായിട്ടുള്ളത്.

ഓഡിറ്റ് നിർദ്ദേശം

ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവെയിലബിലിറ്റി സർട്ടിഫിക്കറ്റ് സമയബന്ധിതമായി വാങ്ങി കാലതാമസം വരുത്താതെ പർച്ചേസ് ഓർഡർ നൽകുന്നതിനും മരുന്ന് ഓഡിറ്റ് വർഷം തന്നെ ലഭ്യമാക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 കൃഷി ഓഫീസർ ഏറ്റെടുത്ത പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല

2023-24 സാമ്പത്തിക വർഷം കൃഷി ഓഫീസർ 19.19 ലക്ഷം രൂപ അടങ്കലുള്ള 4 പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല. നടപ്പിലാക്കാത്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | അടങ്കൽ |
|---|---|---|
| S0208/24 | ജലസേചന പമ്പ് സെറ്റ് | 28000 |
| S0119/24 | വന്യമൃഗങ്ങളിൽ നിന്ന് കൃഷി സംരക്ഷണം | 1600000 |
| S0124/24 | സുഭിക്ഷ കേരളം | 79200 |
| S0245/24 | പച്ചക്കറി കൃഷി വികസനം | 2120002 |

പ്രോജക്ടുകൾ നടപ്പാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14, 27.08.2024) മറുപടി ലഭിച്ചില്ല. പ്രോജക്ടുകൾ നടപ്പാക്കാതെ ഫണ്ട് ലാപ്സാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-24 മഴക്കാലപൂർവ്വ ശുചീകരണത്തിന് വാർഡ് സാനിട്ടേഷൻ സമിതികൾക്ക് ഫണ്ട് നൽകിയില്ല

മഴക്കാലപൂർവ്വ ശുചീകരണത്തിനായി ഓഡിറ്റ് വർഷം വാർഡ് സാനിറ്റേഷൻ സമിതികൾക്ക് പഞ്ചായത്ത് വിഹിതം നൽകിയില്ല. ശുചിത്വമിഷൻ ഗ്രാന്റ് ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ തനത് ഫണ്ട് വാർഡ് സാനിറ്റേഷൻ സമിതികൾക്ക് നൽകാഞ്ഞതിനാൽ കൊതുകുകളുടെ ഉറവിട നശീകരണത്തിനായുള്ള പ്രവർത്തനങ്ങൾ നടത്താനായില്ല.

ഡെങ്കിപ്പനി പോലെ കൊതുകുകളിൽ നിന്ന് പകരുന്ന രോഗങ്ങളുടെ നിയന്ത്രണത്തിന് മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ അനിവാര്യമാണ്. അതിനായി വാർഡ് സാനിട്ടേഷൻ സമിതികൾക്ക് പഞ്ചായത്ത് വിഹിതം നൽകുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 അടിസ്ഥാന സൗകര്യങ്ങളിൽ - അപര്യാപ്തം

മലയാലപ്പുഴ ഗ്രാമപ്പഞ്ചായത്തിൽ 25 അങ്കണവാടികളുണ്ട്. ഇവയിൽ 13 എണ്ണത്തിന് സ്വന്തമായി കെട്ടിടമുണ്ട്. 8 അങ്കണവാടികൾ വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. എല്ലാ അങ്കണവാടികളും വൈദ്യുതീകരിക്കപ്പെട്ടിട്ടുണ്ട്. ഗ്യാസ് കണക്ഷനും ലഭ്യമാണ്. 25 അങ്കണവാടികളിലും കുടിവെള്ള ലഭ്യതയുണ്ട്. ഐ.സി.ഡി.എസ്. സൂപ്പർവൈസർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 8 അങ്കണവാടികൾക്കാണ് ചുറ്റുമതിലുള്ളത്. 25 അങ്കണവാടികളും ഫിറ്റ്നസ് ഉള്ള കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. വാർഡ് നമ്പർ 1-ൽ പ്രവർത്തിക്കുന്ന 5-ാം നമ്പർ അങ്കണവാടി നിർമ്മിക്കാൻ സ്ഥലം ലഭ്യമായിട്ടും കെട്ടിടം പണിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. എല്ലാ അങ്കണവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കും എന്ന നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കേണ്ടതാണെന്ന് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ [സ.ഉ. (കൈ.)നം.84/22/തസ്വഭവ, തീയതി 19.04.2022] ഖണ്ഡിക നം.8.8.2 (1&2)-ൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെടുത്തുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും വനിതാ ശിശു വികസന വകുപ്പുമായും സഹകരിച്ച് പ്രവർത്തിക്കണമെന്നും, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഗ്രാമപ്പഞ്ചായത്തിന്റെ സമ്മതത്തോടെ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്നും മാർഗ്ഗരേഖ വ്യക്തമാക്കുന്നു. കൂടാതെ അങ്കണവാടികളുടെ നിർമ്മാണത്തിനായി തൊഴിലുറപ്പ് പദ്ധതിയിൽനിന്ന് അഞ്ചു ലക്ഷം രൂപയും വനിതാ ശിശു വികസന വകുപ്പിൽനിന്ന് രണ്ടു ലക്ഷം രൂപയും ചെലവഴിക്കാവുന്നതാണെന്ന് ഖണ്ഡിക നം.3.5.6 (എ8)-ലും പറഞ്ഞിട്ടുണ്ട്. സ്വന്തമായി കെട്ടിടവും ചുറ്റുമതിലും ഇല്ലാത്തതാണ് അംഗൻവാടികൾ പൊതുവായി അഭിമുഖീകരിക്കുന്ന പ്രശ്നം. എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്. 2023-24 വാർഷിക കണക്കുകൾ പ്രകാരം 31.03.2024-ൽ 11,84,822 രൂപ ഐ.സി.ഡി.എസ്. സെൻട്രൽ ഷെയർ ഇനത്തിൽ നീക്കിബാക്കി ഉണ്ട്. ഈ തുക അങ്കണവാടികളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി ചെലവഴിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ചെലവ് ശതമാനം കുറവ്

അസിസ്റ്റന്റ് സെക്രട്ടറിയ്ക്ക് നിർവ്വഹണ ചുമതലയുണ്ടായിരുന്ന പ്രോജക്ടുകൾ ഭാഗികമായി മാത്രമാണ് നടപ്പിലാക്കിയത്. പ്രോജക്ടുകൾക്ക് വകയിരുത്തിയ സിംഹഭാഗവും ലാപ്സാക്കി. ഭാഗികമായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരവും, അതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച വിശദീകരണവും ചുവടെ ചേർക്കുന്നു.

(എൻക്വയറി നം. 07/22-08-2024)

| ക്രമ നം | പ്രോജക്റ്റിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക | ചെലവ് ശതമാനം | നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 12/24 - പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 1000000 | 150000 | 15 | പ്രോജക്റ്റ് പ്രകാരം 5 ഗുണഭോക്താക്കൾക്ക് 2 ലക്ഷം രൂപ വീതം 10 ലക്ഷം രൂപ നൽകുന്നതിനാണ് പ്രോജക്റ്റ് ലക്ഷ്യമിട്ടിരുന്നത്. ആയത് പ്രകാരം 5 ഗുണഭോക്താക്കൾക്ക് ആദ്യഗഡുവായി 30000 രൂപ നൽകി. തുടർന്ന് ഒരാൾ മാത്രമാണ് ബേസ്മെന്റ് പൂർത്തിയാക്കി രണ്ടാം ഗഡുവിന് അർഹത നേടിയിട്ടുള്ളത്. ട്രഷറിയിൽ ഫണ്ട് ഇല്ലാത്തതിനാൽ ടിയാൾക്ക് രണ്ടാം ഗഡു നൽകാൻ സാധിച്ചില്ല. 2024-25-ൽ ടി പ്രോജക്റ്റ് സ്പിൽ ഓവറായി തുടരുന്നു. |
| 2 | 19/24 – പി വി സി വാട്ടർ ടാങ്ക് നൽകൽ | 466011 | 186702 | 40 | 117 പേർക്ക് 500 ലിറ്റർ വാട്ടർ ടാങ്ക് വിതരണം ചെയ്യാനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. 16.03.2024 തീയതിയോടു കൂടിയാണ് ഗുണഭോക്തൃവിഹിതം ലഭ്യമായത്. ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക് വിതരണം ചെയ്തിട്ടുണ്ട്. ട്രഷറിയിൽ ബിൽ സമർപ്പിച്ചെങ്കിലും ട്രഷറിയിൽ ഫണ്ട് ലഭ്യമല്ലാത്തതു കാരണം ക്യൂ ബിൽ ആയതിനാലാണ് തൻവർഷം ചേലവ് കുറയാൻ ഇടയായത്. |
| 3 | 20/24 – അഗതി രഹിത കേരളം ആശ്രയ പദ്ധതി | 700000 | 50000 | 7 | പ്രോജക്റ്റിനായി ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിരുന്നുവെങ്കിലും ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമായില്ല. ഗുണഭോക്താക്കൾക്ക് എല്ലാ മാസവും ഭക്ഷ്യകിറ്റ് വിതരണം മുടങ്ങാതെ നടത്തിവരുന്നുണ്ട്. ആയതിന് കുടുംബശ്രീ അഗതിരഹിതകേരളം അക്കൗണ്ടിൽ മിച്ചമുള്ള തുക വിനിയോഗിക്കുന്നതിനാൽ 2023-24-ൽ പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിച്ചില്ല. ഒരു ഗുണഭോക്താവിന് വീട് പുനരുദ്ധാര ണത്തിന് ആദ്യഗഡുവായി 50000 രൂപ നൽകിയിട്ടുണ്ട്. ആശ്രയ പദ്ധതി രൂപീകരണവേളയിൽ അർഹരായ മുഴുവൻ ആളുകൾക്കും ഭവനപുനരുദ്ധാരണം നൽകി കഴിഞ്ഞതിനാൽ തുക ചെലവഴിക്കാൻ സാധിക്കാത്ത അവസ്ഥ ഉണ്ടായിരുന്നു. നിലവിൽ ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടവരും എന്നാൽ നിലവിൽ വീട് വാസയോഗ്യമല്ലാത്തവരുമായ ഗുണഭോക്തക്കളെ കണ്ടെത്തി വിലയിരുത്തൽ സമിതിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും അംഗീകാരം ലഭ്യമാക്കി ആനുകൂല്യം നൽകുന്ന പ്രവർത്തനം പുരോഗമിച്ചു വരികയാണ്. |
| 4 | 21/24 – ബാലസഭ പ്രവർത്തനങ്ങൾ | 52000 | 14000 | 27 | ബാലസഭയുടെ പ്രവർത്തനങ്ങൾക്ക് ഒരു വാർഡിന് 1000 രൂപ പ്രകാരം ആകെ 14000 രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചു. കുടുംബശ്രീ ജില്ലാ മിഷൻ ആസൂത്രണം ചെയ്യുന്ന പരിപാടികൾക്ക് കുടുംബശ്രീയിൽ നിന്നും ഫണ്ട് ലഭ്യമായതിനാ ലാണ് തനത് ഫണ്ട് ആവശ്യമായി വരാത്തത്. |
| 5 | 22/24 – വിശപ്പ് രഹിത കേരളം ജനകീയ ഹോട്ടൽ | 135000 | 6772 | 5 | ജനകീയ ഹോട്ടൽ നടത്തിവന്നിരുന്ന കുടുംബശ്രീ സംരംഭകർ ഹോട്ടൽ പ്രവർത്തനം അവസാനിപ്പിച്ചതിനാൽ ആണ് ചെലവ് കുറയാനിടയായത്. |
| 6 | 24/24 – ബഡ്സ് സ്കൂൾ ഉപകരണങ്ങൾ വാങ്ങൽ | 500000 | 79293 | 16 | ബഡ്സ് സ്കൂളിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് ക്വട്ടേഷനും പുനർ ക്വട്ടേഷനും ക്ഷണിച്ചുവെങ്കിലും ക്വട്ടേഷൻ ലഭിക്കാതിരുന്നതിനാലാണ് സാധനങ്ങൾ വാങ്ങാൻ കഴിയാതിരുന്നത്. ടി പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് ഈ വർഷം ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| 7 | 216/24 – അതിദരിദ്രർക്ക് ഭക്ഷണ കിറ്റ് വിതരണം | 250000 | 101154 | 40 | മാർച്ച് മാസത്തെ ബിൽ ട്രഷറിയിൽ സമർപ്പിച്ചുവെങ്കിലും ഫണ്ട് ലഭ്യമല്ലാതിരുന്നതിനാൽ ക്യൂ ബില്ലായി ഉൾപ്പെടുത്തിയതിനാ ലാണ് ചെലവ് ചെയ്യാൻ സാധിക്കാതിരുന്നത്. |

സാമ്പത്തിക വർഷാവസാനം ബില്ലുകൾ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കുന്നതിനാലാണ് ബില്ലുകൾ പണമാക്കി മാറ്റാനാവാതെ ട്രഷറിയിൽ ക്യൂവിലാകാൻ കാരണം. പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാനും ഓരോ വർഷവും അനുവദിക്കുന്ന ഫണ്ട് അതത് വർഷംതന്നെ ചെലവഴിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. സ്പിൽ ഓവർ പ്രോജക്ടുകൾക്ക് 20 ശതമാനം തുക മാത്രമേ ക്യാരി ഓവർ ആയി ലഭിക്കുകയുള്ളൂ എന്നതിനാൽ ആവിഷ്കരിക്കുന്ന പ്രോജക്ടുകൾ അതത് വർഷം തന്നെ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് നിർവ്വഹണ ചുമതലയുണ്ടായിരുന്ന പദ്ധതികൾ - വകയിരുത്തിയ ഫണ്ട് ഫലപ്രദമായി വിനിയോഗിച്ചില്ല

**1. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മലയാലപ്പുഴ സർക്കിൾ)**

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മലയാലപ്പുഴ സർക്കിൾ) നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച ചുവടെ ചേർത്തിരിക്കുന്ന പ്രോജക്ടുകളിൽ 2023-24 വർഷം ചെലവില്ല.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ട് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|---|
| 1 | 18 | പി എം എ വൈ ജനറൽ | 100000 | 0 |
| 2 | 48 | പി എം എ വൈ എസ് സി പി | 100000 | 0 |
| 3 | 70 | വീട് വാസയോഗ്യമാക്കൽ SCP | 1050000 | 0 |
| 4 | 73 | അതിദാരിദ്രർക്ക ഭവന പുനരുദ്ധാരണം | 1100000 | 0 |
| 5 | 76 | വനിതകൾക്ക് സ്വയം തൊഴിൽ | 300000 | 0 |

മേൽ പ്രോജക്ടുകൾക്ക് തുക ചെലവഴിക്കാതിരുന്നതിന്റെ സാഹചര്യം വിശദമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം.6/24.08.2024). മറുപടിയുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം. 1, 2 - പ്രോജക്ടിൽ 100000 രൂപ വകയിരുത്തിയിരുന്നുവെങ്കിലും 2023-24 വർഷം കരാർ വയ്ക്കുന്നതിന് പുതിയ ടാർജറ്റ് ലഭ്യമായിരുന്നില്ല. അധിക ടാർജറ്റ് അനുവദിക്കുന്ന പക്ഷം ഗ്രാമപഞ്ചായത്ത് വിഹിതമായി ചെലവാക്കുന്നതിനായി പ്രോജക്ട് സ്പിൽ ഓവർ ആയി തുടരുന്നതാണ്

ക്രമ നം. 3- ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് വി.ഇ.ഒ. ഓഫീസിൽ നിർവ്വഹണത്തിനായി കൈമാറിയത് 13-03-2024-നായിരുന്നു. ലോക് സഭാ ഇലക്ഷൻ പ്രഖ്യാപിക്കുന്നതിന് തൊട്ടുമുമ്പ് ലഭ്യമായ ലിസ്റ്റിൽ നിന്നും ഒരു ഗുണഭോക്താവിന് മാത്രമാണ് കരാറിൽ ഏർപ്പെടാൻ കഴിഞ്ഞത്. പ്രസ്തുത വ്യക്തിക്ക് ആദ്യഗഡു നൽകുന്നതിന് നിശ്ചിത സമയപരിധിക്കുള്ളിൽ ബിൽ ട്രഷറിയിൽ സമർപ്പിച്ചുവെങ്കിലും ആയത് മാർച്ച് 31-നകം പാസ്സായില്ല. ടി പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നു.

ക്രമ നം 4 – മൈക്രോ പ്ലാനിൽ ഉൾപ്പെട്ട് 6 കുടുംബങ്ങൾക്കാണ് ധനസഹായം നൽകേണ്ടിയിരുന്നത്. എന്നാൽ മാർച്ച് 31-ന് മുമ്പ് ഒരു ഗുണഭോക്താവിന് മാത്രമാണ് കരാറിൽ ഏർപ്പെടാൻ കഴിഞ്ഞത്. പ്രസ്തുത വ്യക്തിക്ക് ആദ്യഗഡു നൽകുന്നതിന് നിശ്ചിത സമയപരിധിക്കുള്ളിൽ ബിൽ ട്രഷറിയിൽ സമർപ്പിച്ചുവെങ്കിലും ആയത് മാർച്ച് 31-നകം പാസ്സായില്ല. ടി പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നു.

**2. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വെട്ടൂർ സർക്കിൾ)**

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വെട്ടൂർ സർക്കിൾ) നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച ചുവടെ ചേർത്തിരിക്കുന്ന പ്രോജക്ടുകളിൽ 2023-24 വർഷം ചെലവില്ല.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 17 | ബയോ കമ്പോസ്റ്റ് ബിൻ വിതരണം | 349992 | 0 |
| 2 | 55 | അതിദരിദ്രർക്ക് ടോയ്ലറ്റ് നിർമ്മാണം | 123200 | 0 |
| 3 | 231 | മാലിന്യ മുക്തം നവകേരളം വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ | 70000 | 0 |
| 4 | 235 | ഗാർഹിക മാലിന്യ ശേഖരണത്തിനുള്ള ഉപകരണങ്ങൾ ലഭ്യമാക്കൽ | 1400000 | 0 |
| 5 | 258 | ഘടക സ്ഥാപനങ്ങൾക്ക് വേസ്റ്റ് ബിൻ വാങ്ങി നൽകൽ | 20000 | 0 |

മേൽ പ്രോജക്ടുകൾക്ക് തുക ചെലവഴിക്കാതിരുന്നതിന്റെ സാഹചര്യം വിശദമാക്കുന്നതിലേക്ക് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം-5/24.08.2024). ആയതിന് സമർപ്പിച്ച മറുപടിയുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം 1- നിർവ്വഹണ രീതി ജെം വഴി എന്ന് ഭേദഗതി വരുത്തി 12.02.2024-ൽ ചേർന്ന ഡി.പി.സി. ആണ് പ്രോജക്ടിന് അംഗീകാരം നൽകിയത്. മാർച്ച് 15-ന് മുമ്പ് ജെം-ൽ യൂസർ ഐഡി ശരിയാകാത്തതിനാൽ നിർവ്വഹണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. പ്രോജക്ട് സ്പിൽ ഓവർ ആയി തുടരുന്നു.

ക്രമ നം 2- ആകെ 8 പേർക്കാണ് ആനുകൂല്യം നൽകേണ്ടിയിരുന്നത്. നിലവിൽ 2 പേർ കരാർ വെച്ചിട്ടുണ്ട്. ടി ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ആനുകൂല്യം അനുവദിക്കുന്നതാണ്. ബാക്കിയുള്ളവർ അനർഹരാണ്.

ക്രമ നം 3- ടി പ്രോജക്ടിൽ എൻ.എച്ച്.എം ഫണ്ട് വകയിരുത്തിയിട്ടുള്ളതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ,ഒ. അല്ല. നിർവ്വഹണ ഉദ്യോഗസ്ഥനെ മാറ്റി തീരുമാനിക്കുന്നതിനായി ഭരണസമിതിക്ക് കത്ത് നൽകിയിട്ടുണ്ട്.

ക്രമ നം- 4- ടി പ്രോജക്ട് നിർവ്വഹണത്തിന് വകയിരുത്തിയിട്ടുള്ള സി.എസ്.ആർ. ഫണ്ട് ലഭ്യമല്ല.

ക്രമ നം 5- 12.02.2024-ൽ ചേർന്ന ഡി.പി.സി. ആണ് പ്രോജക്ടിന് അംഗീകാരം നൽകിയത്. മാർച്ച് 15 ന് മുമ്പ് ജെം-ൽ യൂസർ ഐഡി ശരിയാകാത്തതിനാൽ നിർവ്വഹണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. പ്രോജക്ട് സ്പിൽഓവർ ആയി തുടരുന്നു.

പദ്ധതി ആസൂത്രണത്തിലുണ്ടായ വീഴ്ച കാരണമാണ് പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ വന്നത്. ഗുണഭോക്താക്കളെ യഥാസമയം കണ്ടെത്തുന്നതിനും അവരുമായി കരാറിലേർപ്പെടുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. സ്പിൽഓവർ പ്രോജക്ടുകൾക്ക് 20 ശതമാനം തുക മാത്രമേ ക്യാരി ഓവർ ആയി ലഭിക്കുകയുള്ളു എന്നതിനാൽ ആവിഷ്കരിക്കുന്ന പ്രോജക്ടുകൾ അതത് വർഷം തന്നെ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നില്ല

2023-24-ൽ നടപ്പിലാക്കിയ പദ്ധതികളുടെ മോണിട്ടറിംഗ് വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പതിനാലാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ [സ.ഉ(കൈ) നം 84/2022/ തസ്വഭവ തീയതി 19/04/2022] ഖണ്ഡിക 14-ൽ പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നതിന്റെ ആവശ്യകത, നടപടി ക്രമങ്ങൾ എന്നിവ പ്രതിപാദിച്ചിട്ടുണ്ട്. പ്രോജക്ട് മോണിട്ടറിംഗ് അതാതു വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും, പുരോഗമന ഘട്ടത്തിലും, പൂർത്തീകരണ ഘട്ടത്തിലും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. നിർവ്വഹണ ഘട്ടത്തിൽ പ്രോജക്ടിന്റെ ഗുണമേന്മയും കാര്യക്ഷമതയും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തി മോണിട്ടറിംഗ് കമ്മിറ്റിയ്ക്ക് അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ നിർവ്വഹണ ഉദ്യോഗസ്ഥന് നൽകാവുന്നതുമാണ്. എന്നാൽ 2023-24-ൽ നടപ്പിലാക്കിയ പദ്ധതികളുടെ കാര്യത്തിൽ മേൽ പരാമർശിച്ചതു പ്രകാരമുള്ള മോണിട്ടറിംഗ് നടത്തിയിട്ടില്ല. പദ്ധതികൾ ലക്ഷ്യം കൈവരിച്ചതു സംബന്ധിച്ച് പ്രാദേശിക തലത്തിൽ വിലയിരുത്തൽ നടത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-29 ദുരിതാശ്വാസ നിധി അക്കൗണ്ടിൽ വരവില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, മാറാരോഗങ്ങൾ മുതലായവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഓരോ പഞ്ചായത്തിലും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. കേരള ഗ്രാമീൺ ബാങ്ക് മലയാലപ്പുഴ ശാഖയിൽ സെക്രട്ടറിയുടെ പേരിൽ ഇതേ ആവശ്യത്തിനായി ഒരു അക്കൗണ്ട് നിലവിലുണ്ട്. ഓഡിറ്റ് വർഷം ഇതിലേക്ക് പലിശ ഇനത്തിൽ 268 രൂപയല്ലാതെ തുകകളൊന്നും വരവ് വന്നിട്ടില്ല. ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ ഇത് സംബന്ധിച്ച ചട്ടങ്ങളിൽ വിശദമാക്കിയിട്ടുള്ളത് പ്രാവർത്തികമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - തുക നൽകിയ അക്കൗണ്ട് നമ്പറിൽ വ്യത്യാസം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | 58/2024, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (ജനറൽ) |
| അടങ്കൽ | 1100000 രൂപ<br>വികസന ഫണ്ട് ജനറൽ -500000 രൂപ<br>ബ്ലോക്ക് പഞ്ചായത്ത്-300000 രൂപ<br>ജില്ലാ പഞ്ചായത്ത് -300000രൂപ |
| ചെലവ് | 653300 രൂപ<br>വികസന ഫണ്ട് ജനറൽ -500000 രൂപ<br>ബ്ലോക്ക് പഞ്ചായത്ത്- 153300 രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷയിൽ കാണിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്കല്ല തുക കൈമാറിയിട്ടുള്ളതെന്ന് വ്യക്തമായി.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അപേക്ഷയിലെ അക്കൗണ്ട് നം. | തുക നൽകിയ അക്കൗണ്ട് നം. | ബിൽ നം., തീയതി | നൽകിയ തുക |
|---|---|---|---|---|---|
| 1. | സുജിത്ത് എസ് | 4037310101033254 (KLGB0040373) | 67318512231 (SBIN0070407 ) | 159/09-11-23 – ₹19500<br>187/18-11-23 – ₹2000<br>272/30-01-24 – ₹4000 | 25500 |
| 2. | വിദ്യാംബിക | 40373101046090 (KLGB0040373) | 67172254600 (SBIN0070407 ) | 59/09-11-23 - ₹19500<br>271/30-01-24 – ₹4000<br>187/18-11-23 – ₹2000 | 25500 |
| ആകെ നൽകിയ തുക | | | | | 51000 |

അക്കൗണ്ട് നമ്പർ വ്യത്യാസപ്പെട്ടിരിക്കുന്നതിനാൽ യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണോ ആനുകൂല്യം ലഭിച്ചിരിക്കുന്നതെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 28/31.08.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 51000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണ് തുക ലഭിച്ചിരിക്കുന്നതെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 1-31 ബഡ്സ് & ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം - അവലോകനം

മലയാലപ്പുഴ ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂൾ 2018 ജനവരി 10 മുതൽ പ്രവർത്തിച്ചു വരുന്നു. നിലവിൽ കുടുംബശ്രീയുടെ താത്കാലിക അഫിലിയേഷൻ പ്രകാരമാണ് പ്രവർത്തിച്ചു വരുന്നത്. ബഡ്സ് സ്കൂളിന് റൈറ്റ് ഓഫ് പേഴ്സൺ വിത്ത് ഡിസ്എബിലിറ്റി ആക്ട് 2016 പ്രകാരമുള്ള അംഗീകാരം സാമൂഹിക നീതി വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നുണ്ട്.

ഗ്രാമപഞ്ചായത്തിൽ 6-ാം വാർഡിൽ കാഞ്ഞിരപ്പാറ-വെട്ടൂർ റോഡിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 800 ചതുരശ്ര അടി വലിപ്പമുള്ള കെട്ടിടത്തിലാണ് ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നത്. ക്ലാസ്സ് റൂം, സ്പീച്ച് റൂം, കിച്ചൻ, ടോയ്‌ലറ്റ് സൗകര്യങ്ങൾ ഉണ്ട്.

ബഡ്സ് സ്കൂൾ പ്രവർത്തിച്ച് തുടങ്ങിയ സമയത്ത് എത്തിച്ചേർന്ന കുട്ടികൾക്ക് 18 വയസ്സ് തികഞ്ഞപ്പോൾ അവരെ സ്കൂളിൽ നിലനിർത്തുന്നതിനായി കുട്ടികളുടെ പ്രായം, നിലവിലെ മാനസിക സ്ഥിതി എന്നിവ കണക്കിലെടുത്ത് ബഡ്സ് സ്കൂളിനെ ബഡ്സ് ആൻഡ് റീഹാബിലിറ്റേഷൻ സെന്റർ ആക്കുന്നതിനായി 10.03.2023-ൽ സ്കൂൾ മാനേജ്മെന്റ് സമിതി തീരുമാനം എടുത്തു. അതിന്റെ അടിസ്ഥാനത്തിൽ പ്രീ പ്രൈമറി, പ്രൈമറി കെയർ ഗ്രൂപ്പ്, സെക്കൻഡറി, പ്രീവൊക്കേഷണൽ, വൊക്കേഷണൽ എന്നീ ഗ്രൂപ്പുകളിൽ ഉൾപ്പെടുത്തിയാണ് പാഠ്യപദ്ധതി നടപ്പിലാക്കുന്നത്.

ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലും മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ സർവ്വേ നടത്തി കുട്ടികളെ രജിസ്റ്റർ ചെയ്യിക്കുകയും ചെയ്തതിട്ടുണ്ട്. 20 കുട്ടികൾ സ്കൂളിൽ വരുന്നവരും 17 കുട്ടികൾ ഹോം ബേസും ആണ്.

ആർ.സി.ഐ. യോഗ്യതയുള്ള ഒരു അധ്യാപികയും ഒരു ആയയും ഒരു കുക്കും ഒരു ഡ്രൈവറുമാണ് സ്കൂളിൽ സേവനം അനുഷ്ഠിക്കുന്നത്. വേതനം, കുട്ടികളുടെ യാത്രാ സൗകര്യം, ഭക്ഷണം എന്നിവ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നൽകുന്നത്.

അധ്യാപികയ്ക്ക് ഓണറേറിയം 32560 രൂപയും ഹെൽപ്പറിന് 18390 രൂപയും കുക്കിന് 8000 രൂപയുമാണ് വേതനം നൽകുന്നത്. ക്വട്ടേഷൻ വ്യവസ്ഥയിലുള്ള വാഹനത്തിന് ദിവസം 1400 രൂപ നിരക്കിലാണ് നൽകുന്നത്.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ വൈസ് ചെയർമാനും അസിസ്റ്റന്റ് സെക്രട്ടറി സെക്രട്ടറി കം ട്രഷറർ ആയും ഉള്ള സ്കൂൾ മാനേജ്മെന്റ് സമിതിയാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, വാർഡ് മെമ്പർ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, സിഡിഎസ് ചെർപേഴ്സൺ രക്ഷാകർതൃ സമിതിയിലെ രണ്ട് പ്രതിനിധികൾ, വിദ്യാർത്ഥി അധ്യാപക രക്ഷാകർതൃ സമിതിയിലെ രണ്ട് പ്രതിനിധികൾ എന്നിവരാണ് മറ്റ് അംഗങ്ങൾ. കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, മെഡിക്കല് ഓഫീസർ (പി.എച്ച്.സി.), ഐ.സി.ഡി.എസ്. സൂപ്പർ വൈസർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ എക്സ് ഒഫിഷ്യോ അംഗങ്ങളാണ്.

മൂന്നു മാസത്തെ ഇടവേളകളിൽ പഞ്ചായത്തിൽ വച്ച് സ്കൂൾ മാനേജ്മെന്റ് സമിതി കൂടുകയും വിലയിരുത്തൽ

നടത്തുകയും ചെയ്യുന്നുണ്ട്.

**ശുപാർശകൾ-**

1. ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾക്ക് കുടുംബശ്രീ മുഖേന 25 ലക്ഷം രൂപ അനുവദിക്കുകയും അതിന്റെ 50% (12.5 ലക്ഷം രൂപ) 07.02.2018-ലെ സ.ഉ.(കൈ) നം.20/2018/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിച്ച് വിനിയോഗ സാക്ഷ്യപത്രം നൽകുന്ന മുറയ്ക്ക് അടുത്ത ഗഡു അനുവദിക്കുമെന്നാണ് മേൽ ഉത്തരവിൽ പറഞ്ഞിട്ടുള്ളത്. പ്രസ്തുത തുകയിൽ 1114895 രൂപ ബാക്കി നിൽക്കുന്നുണ്ട്. തുകയുടെ വിനിയോഗം സംബന്ധിച്ച് പുതുക്കിയ മാർഗരേഖ 15.03.2024-ലെ സ.ഉ.(കൈ) 41/2024/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പഠനോപ കരണങ്ങൾ, കളി ഉപകരണങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ മുതലായവ വാങ്ങുന്നതിനും നിലവിലുള്ളവയുടെ അറ്റകുറ്റപണിക്കും തൊഴിൽ വൈദഗ്ധ്യ പരിശീലനത്തിനുള്ള ചെലവിനും ടി തുക വിനിയോഗിക്കാവുന്നതാണ്.

2. നിലവിലുള്ള കെട്ടിടം നിലനിൽക്കുന്ന സ്ഥലത്ത് അടിസ്ഥാന സൗകര്യത്തിനാവശ്യമായ ഭൂമി ലഭ്യമാണ്. ഇവിടെ ആവശ്യമായ സൗകര്യങ്ങളോടു കൂടിയ കെട്ടിടം നിർമ്മിക്കാവുന്നതാണ്.

3. ചുറ്റുമതിൽ നിലവിലില്ല. ആയത് നിർമ്മിക്കേണ്ടതാണ്.

4. തൊഴിൽ പരിശീലനം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-32 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ- കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ-അവലോകനം

ഗ്രാമപഞ്ചായത്തിൽ 14 വാർഡുകളിലായി 24 അംഗങ്ങൾ ആണ് നിലവിൽ ഹരിത കർമ്മസേനയിൽ പ്രവർത്തിക്കുന്നത്. ഹരിത കർമ്മസേന അംഗങ്ങൾ കൺസോർഷ്യം രൂപീകരിക്കുകയും അതിൽ നിന്നും പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ഹരിതകർമ്മസേനയുടെ അക്കൗണ്ട് കൺസോർഷ്യം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ ആണ്. വീടുകളിൽ നിന്നും അജൈവ മാലിന്യം ശേഖരണത്തിന് 50 രൂപ നിരക്കും കടകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും 100 രൂപ നിരക്കും ഈടാക്കുന്നുണ്ട്. യൂസർഫീ കിട്ടുന്ന തുകയിൽ നിന്നും ഹരിതകർമ്മസേന അംഗങ്ങൾക്ക് ഓണറേറിയം നൽകുന്നു.

അജൈവ മാലിന്യ ശേഖരണത്തിന് വാർഡുകളിൽ മിനി എം.സി.എഫ്-കൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്തിലും എം.സി.എഫ് ഉണ്ട്. മിനി എം.സി.എഫി-ൽ നിന്നും പ്രധാന എം.സി.എഫി-ലേക്ക് അജൈവ മാലിന്യങ്ങൾ കൊണ്ടു വരുന്നതിന് വേണ്ടി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച ഇലക്ട്രിക് ഓട്ടോ ഉപയോഗിക്കുന്നു.

**1. അടിസ്ഥാന വിവരങ്ങൾ**

| | |
|---|---|
| പഞ്ചായത്തിലെ ആകെ ജനസംഖ്യ | 17033 |
| വാർഡുകളുടെ എണ്ണം, | 14 |
| ആൾ താമസമുള്ള വീടുകളുടെ എണ്ണം | 4720 |
| ഹരിതകർമ്മസേനയുടെ സേവനം ലഭ്യമാക്കിയിട്ടുള്ളവയുടെ എണ്ണം | 4565 |
| ഹരിത കർമ്മസേനയുടെ സേവനം ലഭ്യമാക്കിയിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം | 279 |
| ഹരിത കർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം | 24 |

**2. മാലിന്യ ശേഖരണത്തിന്റെ കാര്യക്ഷമത**

ആൾ താമസമുള്ള എല്ലാ ഭവനങ്ങളിലും പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും ഹരിതകർമ്മ സേനയുടെ സേവനം എത്തിക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. മാലിന്യ ശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കുകയും പ്രസ്തുത ഷെഡ്യൂൾ പ്രകാരം മാലിന്യ ശേഖരണം നടത്തുന്നുമുണ്ട്. 14 വാർഡുകളിൽ നിന്നും മാലിന്യങ്ങൾ സ്വീകരിച്ച് മിനി എം.സി.എഫ്-കളിലേക്ക് എത്തിക്കുകയും അവ തരംതിരിച്ച് ഹരിതകർമ്മ സേനയുടെ വാഹനത്തിൽ എം.സി.എഫ്-ൽ എത്തിക്കുകയുമാണ് ചെയ്തുവരുന്നത്. എം.സി.എഫ്-ൽ നിന്നും ക്ലീൻ കേരള കമ്പനിയ്ക്ക് നൽകുകയും ചെയ്യുന്നു.

**3. മാലിന്യ വേർതിരിവ് പാലിക്കൽ**

ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർ തിരിക്കുന്നുണ്ട്. പ്ലാസ്റ്റിക്, ചില്ല്, ഇ-വേസ്റ്റ് മുതലായവ പ്രത്യേകമായി തന്നെ ശേഖരിച്ചു വരുന്നു.

**4. റീസൈക്ലിംഗ്**

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്നതിനും ഹരിത പ്രോട്ടോക്കോളുകൾ നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ലാൻഡ്ഫില്ലുകളോ ലെഗസി മാലിന്യ

നിക്ഷേപങ്ങളോ ഇല്ല.

**5. കമ്മ്യൂണിറ്റി എൻഗേജ്മെന്റ്**

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പുകൾ, വികസന സെമിനാർ, കുടുംബശ്രീ യോഗങ്ങൾ, വ്യാപാരി വ്യവസായി യോഗങ്ങൾ, സോഷ്യൽ മീഡിയ എന്നിവ മുഖേന ബോധവൽക്കരണം നടത്തിയിട്ടുണ്ട്. ശുചിത്വ കൺവെൻഷൻ, ഹരിതസഭ മുതലായ പരിപാടികളും പഞ്ചായത്ത് തലത്തിൽ നടത്തിയിട്ടുണ്ട്.

ഹരിതകർമ്മ സേനാംഗങ്ങളായി 24 വനിതകൾ തൊഴിലെടുക്കുന്നുണ്ട്. 2024 ജൂൺ മാസത്തെ ശരാശരി പ്രതിമാസ വരുമാനം 6000 രൂപയാണ്. മുൻ വർഷങ്ങളിൽ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഉപയോഗിച്ചിരുന്നു. നിലവിൽ വി.ജി.എഫ്. ഉപയോഗിക്കുന്നില്ല. ഹരിത കർമ്മ സേനയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും പ്രതിമാസം കുറഞ്ഞത് പതിനായിരം രൂപ ഉറപ്പു വരുത്തുന്നതിനുമുള്ള നപടികളൊന്നും ബന്ധപ്പെട്ടവർ സ്വീകരിച്ചിട്ടില്ല. യൂസർ ഫീ ഇനത്തിൽ 2023-24 സാമ്പത്തിക വർഷം ആകെ 647190 രൂപ ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | യൂസർ ഫീ ഇനത്തിൽ ലഭിച്ച തുക |
|---|---:|
| ഏപ്രിൽ | 28570 |
| മെയ് | 28050 |
| ജൂൺ | 38000 |
| ജൂലൈ | 52950 |
| ആഗസ്റ്റ് | 22350 |
| സെപ്റ്റംബർ | 48020 |
| ഒക്ടോബർ | 61800 |
| നവംബർ | 56400 |
| ഡിസംബർ | 50500 |
| ജനുവരി | 61150 |
| ഫെബ്രുവരി | 78850 |
| മാർച്ച് | 120550 |
| **ആകെ** | **647190** |

**7. അടിസ്ഥാന സൗകര്യ വികസനം**

പഞ്ചായത്തിൽ ഒരു എം.സി.എഫ്., 14 മിനി എം.സി.എഫ്. എന്നിവ സ്ഥാപിച്ചിട്ടുണ്ട്. മാലിന്യം നീക്കം ചെയ്യുന്നതിനായി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഇലക്ട്രിക് ഓട്ടോ ഉപയോഗിക്കുന്നു. നിലവിലുള്ള എം.സി.എഫ്. വളരെ ചെറുതാണ്. പുതിയ എം.സി.എഫ്. പണിയുന്നതിനായി സ്ഥലം കണ്ടെത്തി കെട്ടിടം പണിയുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**8. പാരിസ്ഥിതിക ആഘാതം**

അനധികൃതമായി മാലിന്യം തള്ളുന്ന സംഭവങ്ങൾ, നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം തടയൽ, പൊതു നിരത്തുകളിൽ മാലിന്യങ്ങൾ തള്ളുന്നത് തടയൽ എന്നിവയുമായി ബന്ധപെട്ട് ഹരിത കർമ്മ സേന/തദ്ദേശ സ്വയം ഭരണ സ്ഥാപനം എന്നിവയ്ക്ക് ലഭിച്ച പരാതികളിന്മേൽ പരിശോധന നടത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ പിടിച്ചെടുത്ത് പിഴ ഈടാക്കിയിട്ടുണ്ട്. പൊതുസ്ഥലങ്ങളിൽ മാലിന്യം തള്ളിയതിനും പിഴ ഈടാക്കിയിട്ടുണ്ട്.

| | |
|---|---:|
| പ്ലാസ്റ്റിക് വിൽപന പിഴ ഈടാക്കിയത് | 4000 |
| പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിഞ്ഞതിനുള്ള പിഴ | 10000 |

അനധികൃതമായി മാലിന്യം തള്ളുന്നത് തടയുന്നതിനുള്ള മുൻകരുതൽ നടപടിയായി മുന്നറിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

**9. പരിശീലനവും വികസനവും**

ഹരിതകർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ മികവും ഉറപ്പാക്കാനും വേണ്ടി ട്രെയിനിംഗുകൾ നൽകിയിട്ടുണ്ട്. എല്ലാ മാസവും മീറ്റിംഗുകൾ നടത്തി അവരുടെ പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും

ചെയ്യുന്നുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം നടപ്പിലാക്കുന്നതിനും ഇതിന്റെ ഭാഗമായി വികസിപ്പിച്ച സ്മാർട്ട് ഗാർബേജ് ആപ്പ് (ഹരിതമിത്രം)/ക്യൂ.ആർ. കോഡ് സമ്പ്രദായം പ്രായോഗികതലത്തിൽ പ്രവർത്തനക്ഷമമാക്കുന്നതിനുമുള്ള നടപടികൾ ഗ്രാമ പഞ്ചായത്തിൽ പുരോഗമിച്ച് വരുന്നു.

**10. നിയമങ്ങൾ പാലിക്കൽ**

പ്രാദേശിക അധികാരികൾ നിശ്ചയിച്ചിട്ടുള്ള മാലിന്യ സംസ്കരണ ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിച്ചാണ് പഞ്ചായത്തിലെ ഹരിത കർമ്മസേന പ്രവർത്തിക്കുന്നത്. എല്ലാ മാസവും മീറ്റിംഗുകൾ നടത്തി അവരുടെ പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

**11. ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം**

ഒരു സംരംഭം എന്ന നിലയിൽ ഹരിത കർമ്മസേന പ്രവർത്തന മാർഗ്ഗരേഖയിൽ വിഭാവനം ചെയ്യപ്പെട്ട പ്രകാരമുള്ള സാധ്യകൾ പ്രയോജനപ്പെടുത്താൻ ഹരിതകർമ്മസേനയ്ക്ക് കഴിഞ്ഞിട്ടില്ല. ആയതിനുള്ള നീക്കങ്ങളും നടത്തിയിട്ടില്ല.

**മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) / റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)**

**1. അടിസ്ഥാന വിവരങ്ങൾ**

മലയാലപ്പുഴ ഗ്രാമപഞ്ചായത്ത് മാർക്കറ്റിലാണ് നിലവിലുള്ള എം.സി.എഫ് സ്ഥാപിച്ചിട്ടുള്ളത്. ഇത് വളരെ ചെറിയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പുതിയ എം.സി.എഫ്. നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. 14 വാർഡുകളിൽ മിനി എം.സി.എഫ്. സ്ഥാപിച്ചിട്ടുണ്ട്. എം.സി.എഫ്., മിനി എം.സി.എഫ്. എന്നിവയുമായി ബന്ധപ്പെട്ട് നിലവിൽ സാമൂഹിക പ്രശ്നങ്ങളൊന്നും നിലനിൽക്കുന്നില്ല.

**2. മാലിന്യ കൈമാറ്റ കാര്യക്ഷമത**

വീടുകളിൽ നിന്ന് ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ ഹരിത കർമ്മ സേനാംഗങ്ങൾ മിനി എം.സി.എഫ്-ൽ സൂക്ഷിക്കുകയും അവ തരം തിരിച്ച് സമയബന്ധിതമായും കാര്യക്ഷമമായും എം.സി.എഫ്-ലേക്ക് മാറ്റുകയും ചെയ്യുന്നു. എം.സി.എഫ്-ൽ നിന്നും ക്ലീൻ കേരള കമ്പനി കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിച്ച് കൊണ്ടു പോകുകയും ചെയ്യുന്നുണ്ട്.

**3. മാലിന്യ സംഭരണ ശേഷി**

കളക്ഷൻ വാഹനത്തിന് വഴിസൗകര്യമുള്ള സ്ഥലത്താണ് കെട്ടിടം സ്ഥിതി ചെയ്യുന്നത്. ശേഖരിക്കുന്ന മാലിന്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കെട്ടിടത്തിന്റെ സ്ഥലസൗകര്യ അപര്യാപ്തമാണ്.

**4. മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ**

തൊഴിലാളികൾക്ക് കൈയ്യുറ, ഗംബൂട്ട്, മാസ്ക്, സാനിറ്റൈസർ എന്നിവ നൽകിയിട്ടുണ്ട്. ഇതൊഴിച്ച് മാലിന്യം ഇനം തിരിക്കുന്ന തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്നതിന് MCF-ൽ മാലിന്യ സംസ്കരണ പ്രോട്ടോക്കോളുകളോ സുരക്ഷാ നടപടികളോ ഏർപ്പെടുത്തിയിട്ടില്ല.

**5. ശുചിത്വ മാനദണ്ഡങ്ങൾ**

എം.സി.എഫ്-ന്റെ പരിസരത്ത് വെള്ളം കെട്ടി നിൽക്കുന്ന സാഹചര്യം ഇല്ല. കൃത്യമായ ഇടവേളകളിൽ ക്ലോറിനേഷൻ നടത്തുകയും, പരിസരം വൃത്തിയായി സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. ഹരിതകർമ്മസേന അംഗങ്ങൾക്ക് വിശ്രമിക്കുന്നതിനുള്ള സൗകര്യമോ ശുചിമുറിയോ ഈ കെട്ടിടത്തിലില്ല.

**6. യഥാസമയം, മാലിന്യം ക്ലീൻ കേരളയ്ക്ക് കൈമാറുന്നത്**

എം.സി.എഫ്-ൽ നിന്നും കൃത്യമായ ഇടവേളകളിൽ ക്ലീൻ കേരള കമ്പനി മാലിന്യം ശേഖരിച്ചുകൊണ്ടു പോകുന്നുണ്ട്. ക്ലീൻ കേരള കമ്പനി ശേഖരിച്ച മാലിന്യങ്ങളുടെ വിലയായി 2023-24-ൽ 8484 രൂപ ഹരിതകർമ്മ സേനയ്ക്ക് ലഭിച്ചിട്ടുണ്ട്. തരംതിരിക്കാത്ത ലെഗസി മാലിന്യങ്ങൾ നീക്കം ചെയ്ത വകയിൽ 2023-24-ൽ 68500 രൂപ ക്ലീൻ കേരള കമ്പനിയ്ക്ക് നൽകിയിട്ടുമുണ്ട്.

**7. പരിമിതികൾക്കിടയിലും കാര്യക്ഷമമായ പ്രവർത്തനം**

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ഹരിതകർമ്മ സേനാംഗങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പു വരുത്താൻ സാധിക്കാത്തതും ഗ്രാമ പഞ്ചായത്തിലെ ഹരിതകർമ്മ സേന അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. ഇത്തരം പരിമിതികൾക്കിടയിലും കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നതിനും പഞ്ചായത്തിലെ അജൈവ മാലിന്യങ്ങൾ ഭൂരിഭാഗവും ശേഖരിച്ച് നീക്കം ചെയ്യുന്നതിനും ഹരിതകർമ്മസേനയ്ക്ക് കഴിയുന്നുണ്ട്.

**8. ഓഡിറ്റ് ശുപാർശകൾ**

1. ഹരിത കർമ്മസേനാ പ്രവർത്തന മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ളതു പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ഒരു എം.സി.എഫ്. പഞ്ചായത്ത് തലത്തിൽ സജ്ജമാക്കുന്നതിന് അടിയന്തിര നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

2. ഹരിത കർമ്മ സേനയുടെ സംരംഭ സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ല. നിരന്തരം വികസിക്കുന്ന ഒരു സംരംഭ മേഖലയാണ് മാലിന്യ സംസ്കരണം. വരുമാനത്തോടൊപ്പം പരിസ്ഥിതി സംരക്ഷണം കൂടി സാധിക്കുന്നു എന്ന പ്രത്യേകത ഈ പ്രവർത്തനത്തിന് ഉണ്ട്. മാറുന്ന സാഹചര്യത്തിൽ ഹരിത കർമ്മസേനയ്ക്ക് ഒരു സംരംഭം എന്ന നിലയിൽ സാധ്യതകൾ നിരവധിയാണ്. അജൈവ മാലിന്യ സംസ്കരണം, ജൈവ മാലിന്യ സംസ്കരണം, ബദൽ ഉത്പന്നങ്ങളുടെ നിർമ്മാണം, വിപണനം, റിപ്പയറിംഗ്, പരിസര സൗന്ദര്യവത്ക്കരണം, ഹരിത പെരുമാറ്റ ചട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉണ്ടാകുന്ന സംരംഭ സാധ്യതകൾ തുടങ്ങി ഇതിനകം ഉയർന്നു വന്നതും ഇനി ഉരുത്തിരിയാൻ സാധ്യതകൾ ഉള്ളതുമായ ഒരു മേഖലയാണ് ഇത്. പ്രസ്തുത സാഹചര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

3. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഹരിതകർമ്മ സേനയുടെ സേവനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

4. യൂസർ ഫീസ് കുടിശ്ശിക സംബന്ധിച്ച കൃത്യമായ രേഖകൾ സൂക്ഷിക്കേണ്ടതാണ് . യൂസർ ഫീസ് പിരിവ് 100% ആകുന്നതിന്റെ ഭാഗമായി ഈയിനത്തിലെ കുടിശ്ശിക വസ്തു നികുതി കുടിശ്ശികയായി കണക്കാക്കി പിരിച്ചെടുക്കാൻ ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇത്തരം നടപടികൾ സേനാംഗങ്ങൾക്ക് കൂടുതൽ വരുമാനവും ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾക്കും വഴിയൊരുക്കും.

5. ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുന്നതിന്റെ ഭാഗമായി വീടുകളിലും സ്ഥാപനങ്ങളിലും ബയോബിൻ, കമ്പോസ്റ്റ് കുഴി എന്നീ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

6. പ്ലാസ്റ്റിക്ക് മാലിന്യത്തിൽ നിന്ന് വൈദ്യുതീകരണത്തിനുള്ള പൈപ്പ് നിർമ്മിക്കാനുള്ള യൂണിറ്റ് സ്ഥാപിക്കൽ പോലെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

7. വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്ന വേളയിൽ മാലിന്യസംസ്കരണം സംബന്ധിച്ച റിപ്പോർട്ട് പരിശോധിച്ച ശേഷം മാത്രം ലൈസൻസ് അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

8. മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയാൻ സിസിടിവി സംവിധാനം ഉപയോഗപ്പെടുത്താവുന്നതാണ്.

9. ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കേണ്ടതാണ്.

10. 25.05.2024ലെ സ.ഉ (സാധാ) നം.912/2024/തസ്വഭവ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രവർത്തന നടപടി ക്രമങ്ങളുടെ മാതൃകയിൽ എം.സി.എഫിന്റെ പ്രവർത്തനം നടപ്പാക്കേണ്ടതാണ്

11. ഹരിത കർമ്മസേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗകര്യം, നിശ്ചിത കാലയളവിൽ സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പു വരുത്താവുന്നതാണ്.

12. വിവാഹ സത്ക്കാരങ്ങൾ, ഉത്സവാഘോഷങ്ങൾ എന്നിവ ഹരിത പെരുമാറ്റ ചട്ടം (Green Protocol) പാലിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ ഹരിതകർമ സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

13. ഹരിത കർമ്മസേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം അനുവദിക്കുന്ന പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 291217 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 291217 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 161013 | ബഡ്സ് സ്കൂൾ | 161013 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 96462 | അംഗൻവാടി അനുപൂരക പോഷകാഹാര പരിപാടി | 96462 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 800000 | ലൈഫ് ഭവനപദ്ധതി | 800000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 153300 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 153300 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1179227 | ലൈഫ് ഭവനപദ്ധതി | 1179227 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 122444 | സ്മാർട്ട് അംഗൻവാടി | 122444 | 0 |
| ജില്ലാപ്പഞ്ചായത്ത് | 90612 | വന്യമൃഗങ്ങളിൽ നിന്ന് കൃഷി സംരക്ഷണം- കമ്പിവേലി | 90612 | 0 |

### 4-2 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| പദ്ധതിയുടെ പേര് | നിക്ഷേപിച്ച തുക | നിർവ്വഹണ ഏജൻസി | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വിവിധ വാർഡുകളിൽ സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ S196/24 | 499471 | കെ.എസ്.ഇ.ബി | 0 | 499471 |
| വെട്ടൂർ മുട്ടുമൺ പൈപ്പ് ലൈൻ നീട്ടൽ S195/24 | 112400 | വാട്ടർ അതോറിറ്റി | 0 | 112400 |
| സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ S2/24 | 471186 | കെ.എസ്.ഇ.ബി | 0 | 471186 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

### 4-4 വായ്പ/ വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പാ തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്-കെയുആർഡിഎഫ്.സി | 1559282 | 600000 | 2159282 | 1441514 | 0 | 717768 |

### 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1368720 |
| തൻവർഷം നിക്ഷേപിച്ച തുക | 437320 |
| ആകെ | 1806040 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 585815 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1220225 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | മലയാലപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം ക്യൂ.378 എഫ്.ഡി. 1/341/2009-10 | 22.08.2023 | 1 വർഷം | 878715 |
| 2 | മലയാലപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം ക്യൂ.378, എഫ്.ഡി. 1/187/2023-24 | 15.03.2024 | 1 വർഷം | 341510 |
| | ആകെ | | | 1220225 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | -- | തൊഴിൽ നികുതി- സ്ഥാപന തലവൻ നൽകുന്ന റിട്ടേണുകൾ അപൂർണ്ണം | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-1 | 2016-17 | -- | അംഗീകൃത കരാറുകാരുടെ നികുതി ഈടാക്കിയിട്ടില്ല | പരാമർശം നിലനിൽക്കുന്നു |
| 2021-22 | 1-16 | 2022-23 | അദ്ധ്യായം 1 (1-3) | റ്റേക്ക്-എ-ബ്രേക്ക് പദ്ധതി | ബഹു: സമിതിയുടെ പരിഗണനയിലാണ് |

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | റസീപ്റ്റ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 37821856.3 | 106748903.3 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 28312506.3 | 106880527 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല | |
| ചെലവിനങ്ങളിലുള്ള നഷ്ടം | ഇല്ല | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 945109 | |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 522000 | ശ്രീമതി ആതിര ചന്ദ്രനാഥ്, കൃഷി ഓഫീസർ |
| 1-30 | 51000 | ശ്രീമതി നീതു ഷാരോൺ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-18 | 372109 | ശ്രീമതി ശ്രീല ആർ, സെക്രട്ടറി |
| ആകെ | 945109 | |

**സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി നീതു ഷാരോൺ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, ചവറ ഗ്രാമപഞ്ചായത്ത് | ഷാരോൺ വില്ല, മങ്ങാട് പി ഒ, കൊല്ലം |
| ശ്രീമതി ആതിര ചന്ദ്രനാഥ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, മലയാലപ്പുഴ ഗ്രാമപഞ്ചായത്ത് | തണ്ണീർപന്തലിൽ നവനീതം, മാത്രൂർ പാലം, കോന്നി |
| ശ്രീമതി ശ്രീല ആർ, സെക്രട്ടറി | സെക്രട്ടറി, മലയാലപ്പുഴ ഗ്രാമപഞ്ചായത്ത് | തോണ്ടലിൽ, കൊല്ലകടവ് പി.ഓ, ചെങ്ങന്നൂർ, ആലപ്പുഴ ജില്ല 690509 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| **ഓഡിറ്റ് റിപ്പോർട്ട് വർഷം** | **തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം** | **തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം** |
|---|---|---|
| 2007-08 | നം.എൽ.എഫ്.പി.റ്റിഎ.പി.10/211/11 തീയതി 07.10.10/04.02.13 | 2 (3-7, 3-8) |
| 2012-13&2013-14 | നം.എൽ.എഫ്.പി.റ്റി.എ. പി.9-893/14 തീയതി 07.11.14/18.11.14 | 3 (1-7, 3-4, 3-6) |
| 2014-15 | നം.കെഎസ്എ.പിറ്റിഎ.പി12-535/16 തീയതി 10.5.16 | 4 (2-2, 3-6, 3-7, 3-8) |
| 2015-16 | നം. കെഎസ്എ.പിറ്റിഎ.പി12-1188/16 തീയതി 17.11.16 | 2 (3-2, 3-5) |
| 2016-17 | നം. കെഎസ്എ.പിറ്റിഎ.പി11-810/17 തീയതി 15.07.17 | 11 (2-1, 2-2, 2-3,2-4,2-5, 2-6, 2-7, 3-2, 3-7, 3-8, 3-9) |
| 2017-18 | നം. കെഎസ്എ.പിറ്റിഎ.പി13-1468/18 തീയതി 29.10.18 | 3 (3-3, 3-9, 4-2) |
| 2018-19 | നം. കെഎസ്എ.പിറ്റിഎ.പി13-1003/19 തീയതി 19.12.19 | 9 (1-16, 1-17 A, 1-18, 1-20, 1-21, 1-23, 1-26, 4-2, 4-3) |
| 2019-20 | നം. കെഎസ്എ.പിറ്റിഎ.പി9-493/21 തീയതി 27.08.21 | 4 (1-11, 1-12, 1-16, 1-22) |
| 2020-21 | നം. കെഎസ്എ.പിറ്റിഎ.പി9-494/21 തീയതി 27.08.21 | 1-12(1), 1-16, 1-21, (1&2). 1-23, 1-27, 1-28 |
| 2021-22 | നം. കെഎസ്എ.പിറ്റിഎ.പി9-1312/22 തീയതി 06.01.23 | 20 (1-2, 1-11, 1-12A,B, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-29, 4-9) |
| 2022-23 | നം. കെഎസ്എ.പിറ്റിഎ.പി9-998/2023 തീയതി 25.10.2023 | 21 (1-1-3, 1-1-4, 1-1-6, 1-1-8, 1-12, 1-13, 1-15, 1-16, 1-17, 1-19, 1-21, 1-22, 1-24, 1-25, 1-30, |

| | | |
|---|---|---|
| | | 1-32, 1-33, 1-35, 1-36, 1-38, 1-41) |

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കര്യാലയം, പത്തനംതിട്ട**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 30-05-2024 and submitted on 30-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the MALAYALAPPUZHA Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of MALAYALAPPUZHA Grama Panchayat as on 31-03-2024

**Date: 04/10/2024**

**Deputy Director**
**District Office Pathanamthitta**
**Kerala State Audit Department**

## Audit Report appended to the Audit Certificate of MALAYALAPPUZHA Grama Panchayat for the Year 2023-2024 .

**1.Major Observations**

Asset register not updated. The asset register is not prepared in such a way that it is possible to check the existence and value of the fixed assets mentioned in the balance sheet.

**2.Other Observations**

1. Basic Ratios under Rule 62 of Kerala Panchayat Raj Accounting Rules 2011, and Notes on

Significant Accounting Policies are not included with the Annual Accounts.

2. The audit does not certify the accuracy of the cash flow statement. According to the cash flow statement, "Net Increase In Cash And Cash Equivalents" for the period 2023-24 is Rs. 9509350. But in the same statement, "Net Cash Generated By perating+Investing+Financing Activity" is -12231784 for the period of 2023-24. Although the above two amounts should be reconciled as per the accepted accounting standards, the amounts in the statement submitted by the Panchayat do not match.
3. Schedule B-4- Central Finance Commission Grant- Reserves under Tied Fund and Untied Fund not reconciled with Bank Pass Book.
4. Schedule B-7- Deposit Received- Amounts recorded in the schedule do not tally with the deposit register.
5. Schedule B-9- Government and Other Dues Payable - Service Tax shows a provision of Rs.99460.
6. Schedule B-12- Investment- Fixed Deposits- Inconsistency between Annual Account and Fixed Deposit Certificate. A total of Rs 1220225 is invested in two fixed deposits. But the entry in the AFS is Rs.1282173.
7. Schedule B-15:- Property Tax- Demand (Schedule I-1), Collection (Schedule RP-45) and Balance (Schedule B-15) amounts do not match the Demand, Collection and Balance amounts in the Sanchaya portal.
8. Lapses in making timely and accurate demand entries in respect of Profession Tax. As per the ledger entries, the demand has been generated on 31.03.2024.

.

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്